മലപ്പുറം ജില്ലയിലെ തവനൂർ കെ.എം.ജി.വി.എച്ച്.എസ്.എസിലെ പ്രത്യേക പരിഗണനയർഹിക്കുന്ന കുട്ടിയായ ജംഷീർ. ഇ. പി. 10. എഫ്. വരച്ച ചിത്രം.



# കലാവിദ്യാഭ്യാസം

## പഠന സഹായി

### സ്റ്റാൻഡേർഡ് 10

കേരള സർക്കാർ
പൊതുവിദ്യാഭ്യാസ വകുപ്പ്

തയ്യാറാക്കിയത്
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം
2019



KG.SUBRAMANYAN GIRL WITH ROOSTERS 2015

## സ്റ്റാൻഡേർഡ് 10



# കലാവിദ്യാഭ്യാസം

## പഠന സഹായി

കേരളസർക്കാർ
വിദ്യാഭ്യാസവകുപ്പ്

തയാറാക്കിയത്
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം
2019

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബ് സിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛലജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ.
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണവും വൈവിധ്യ പൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

State Council of Educational Research and Training (SCERT)
Poojappura, Thiruvananthapuram 695012, Kerala.
website : www.scert.kerala.gov.in
email : scertkerala@gmail.com
phone : 0471-2341883, Fax : 0471-2341869
First Edition : 2019
Printed at :




പ്രിയപ്പെട്ട കുട്ടികളേ

കേരളത്തിലെ വിദ്യാഭ്യാസചരിത്രത്തിൽ ആദ്യമായാണ് കുട്ടികൾക്കു വേണ്ടിയുള്ള കലാവിദ്യാഭ്യാസത്തിന്റെ പഠന സഹായി പുറത്തിറങ്ങുന്നത്. നല്ല മനുഷരെ നിർമ്മിക്കുന്നതിൽ ഒരിക്കലും ഒഴിച്ചുനിർത്താൻ ആവാത്തതാണ് കലാപഠനം. അതുകൊണ്ടുതന്നെ കലാവിദ്യാഭ്യാസം കോർ വിഷയമായി മാറുകയാണ്. പരസ്പരം അംഗീകരിക്കാനും ബഹുമാനിക്കാനും ഉൾക്കൊള്ളാനും തിരിച്ചറിയാനും കഴിഞ്ഞാൽ കാലുഷ്യരഹിതമായ ഒരു സമൂഹത്തെ നിർമ്മിക്കാനാവും. ഇതിന് കലാവിദ്യാഭ്യാസം ശക്തിപ്പെടേണ്ടിയിരിക്കുന്നു. കുട്ടികളുടെ തനതായ കലയെ പരിപോഷിപ്പിക്കുന്നതിലൂടെ നമുക്ക് നല്ലൊരുസമൂഹത്തെ വാർത്തെടുക്കാനാവും. അതിനു കഴിയുന്ന വിധത്തിലാണ് ഈ പഠനപിന്തുണസഹായി തയ്യാറാക്കിയിരിക്കുന്നത്. അധ്യാപകരുടെയും രക്ഷിതാക്കളുടെയും കൂട്ടുകാരുടെയും അനുഭവങ്ങൾ ഉപയോഗിച്ച് ഇതിലെ പ്രവർത്തനങ്ങൾ ചെയ്യാനും സർഗ്ഗാത്മകതയുള്ള നല്ല മനുഷ്യരായി മാറാനും ശ്രദ്ധിക്കുമല്ലോ.

**ഡോ. ജെ. പ്രസാദ്**
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി

## പാഠപുസ്തക ശിൽപശാല അംഗങ്ങൾ


### വിദഗ്ധർ

**സാജു തുരുത്തിൽ**

അസിസ്റ്റന്റ് പ്രൊഫസർ, സംസ്കൃത സർവകലാശാല, കാലടി. (സംസ്ഥാന കരിക്കുലം സ്റ്റിയറിംഗ് കമ്മറ്റി അംഗം)

**ഡോ. സുനിൽ വി. ടി**

അസോസിയേറ്റ് പ്രൊഫസർ, സ്വാതിതിരുനാൾ സംഗീതകോളജ്, തിരുവനന്തപുരം.

**ജി. സ്റ്റാലിൻ**

സീനിയർ ലക്ചറർ (റിട്ട), ഡയറ്റ് പത്തനംതിട്ട.

### പങ്കാളികൾ

**ഗോപു പട്ടിത്തറ**

കെ.എം.ജി.വി.എച്ച്.എസ്എസ് തവനൂർ. മലപ്പുറം

**ശ്രീധരൻ ടി. പി**

ആർ.വി.എച്ച്.എസ്.എസ് ചൊക്ലി, കണ്ണൂർ.

**എൻ. ടി. രാജീവ്**

ജിഎച്ച്എസ്എസ്.തരിയോട്, വയനാട്.

**ശ്രീനിവാസൻ. പി. ജി**

എച്ച്എസ്എസ്.വല്ലപ്പുഴ, പാലക്കാട്.

**ജ്യോതിചന്ദ്രൻ**

ജി.വി.എച്ച്.എസ്.എസ്.കാറടുക്ക, കാസർഗോഡ്.

**റാണിസുഷമ**

എസ്.ഡി.വി.എച്ച്.എസ് ആലപ്പുഴ.

**ബഷീർ ചിത്രകൂടം**

എം.യു.എച്ച്.എസ്.എസ്.ഊരകം, മലപ്പുറം.

**എം. കെ. പൗലോസ്**

ജി.ജി.എച്ച്.എസ്.എസ്.പെരുമ്പാവൂർ, എറണാകുളം.

**വീണാചന്ദ്രൻ**

വി.വി.എച്ച്.എസ്.എസ് താമരക്കുളം, ആലപ്പുഴ.

**രാഗം അനൂപ്**

ഡാൻസ്ടീച്ചർ, പത്തനംതിട്ട.

**ലക്ഷ്മി. എസ്. മേനോൻ**

സെന്റ് ജോസഫ് സി.ജി.എച്ച്.എസ്.കാഞ്ഞൂർ, കാലടി, എറണാകുളം.

**നരേന്ദ്രബാബു**

ജിഎംആർ.എച്ച് .എസ്.എസ്.ഫോർ ബോയ്സ്.വെള്ളതൂവൽ. കാസർഗോഡ്.

**രാജേഷ്**

സെന്റ് ജോസഫ് എച്ച്.എസ്.എസ്.പൈങ്ങാട്ടൂർ, എറണാകുളം.

**അജിത് കുമാർ**

എസ്.എൻ.എച്ച്.എസ്.എസ്.ഒക്കൽ. എറണാകുളം.

### രൂപകല്പന

**ഗോപു പട്ടിത്തറ, ശ്രീധരൻ.ടി.പി, ബഷീർ ചിത്രകൂടം**

### പ്രൂഫ് വായന

**പി.എസ്.മനോജ്**

എച്ച്.എസ്.എ മലയാളം.ഗവഎച്ച്.എസ്.എസ് വിതുര

**ശ്രീകണ്ഠൻ നായർ.പി**

എച്ച്.എസ്.എ മലയാളം (റിട്ട)

### അക്കാദമിക് കോർഡിനേറ്റർ

**ഡോ. അജീഷ്. പി. ടി**

റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി കേരളം



Camille Pissarro | La Place due Théâtre Francais

# ഉള്ളടക്കം


**ചിത്രകല**

യൂണിറ്റ് - 1 കാണാക്കാഴ്ചകളിലേക്ക് 8

യൂണിറ്റ് - 2 പറന്നുയരാൻ ഒരു സ്വപ്നാകാശം 32

യൂണിറ്റ് - 3 വിയർപ്പിന്റെ വെൺമുത്തുകൾ 44

**സംഗീതം**

യൂണിറ്റ് - 1 ഒന്നിച്ച് പാടാം ഒന്നായി പാടാം 52

യൂണിറ്റ് - 2 ഗീതം സംഗീതം..ലളിതം മോഹനം 57

**നൃത്തം**

യൂണിറ്റ് - 1 മുദ്രകളും ചുവടുകളും 62

**നാടകം**

യൂണിറ്റ് - 1 ഹ്രസ്വസിനിമ നിർമിക്കാം 68

ഇവിടെ ഇഷ്ടമുള്ള ഒരു ചിത്രം വരയ്ക്കൂ....

ഇത് എന്റെ സ്വന്തം പഠന പിന്തുണ സഹായി

പേര് :

ക്ലാസ് :

സ്കൂൾ :

# ചിത്രകല





Weeping Woman - pablo picasso

## യൂണിറ്റ് 1

# കാണാകാഴ്ചകളിലേക്ക്

ഒരാളുടെ ദൃശ്യബോധത്തെ നവീകരിക്കുന്നതിൽ കാഴ്ചയ്ക്കുള്ളപങ്ക് വളരെവലുതാണ്. ഒരു കാഴ്ചയെ ഒരേരീതിയിലല്ല എല്ലാവരും കാണുന്നത്.കാഴ്ചയ്ക്കൊപ്പം ഓരോരുത്തരുടെയും സങ്കല്പവും സ്വപ്നവുമെല്ലാം അറിയാതെ ചേരുന്നുണ്ട്.സൂക്ഷ്മ നിരീക്ഷണത്തിനും കാഴ്ചക്കുമൊപ്പം നമ്മുടെ സ്വപ്നങ്ങൾകൂടി ചേരുന്നതോടെ സർഗസൃഷ്ടി സാധ്യമാവുന്നു. കണ്ടകാഴ്ചകളിൽ നിന്ന് കാണാത്തകാഴ്ചകൾ പിറവിയെടുക്കുന്നു.

# സ്വപ്നത്തിന്റെ നിറങ്ങൾ

പോൾസെസാന്റെ ഈചിത്രം കണ്ട അന്ന്തുടങ്ങിയതാണ് ഇതുപോലെ വരയ്ക്കാൻ ആയെങ്കിലെന്ന്. മൊഴി എത്രശ്രമിച്ചിട്ടും രൂപവും നിറവുമൊന്നും ഒട്ടും ശരിയാകുന്നില്ല. വരച്ചുകീറിയ പേപ്പറുകളുടെ എണ്ണം കൂടിക്കൂടി വന്നു.എന്താവാം പ്രശ്നം?. അവൾ ആലോചനയിലാണ്ടു.



paul cezanne still life with bottle and apple basket 1893-oil on canvas


മേശപ്പുറത്ത് വിരിച്ച വെള്ളത്തുണിയിൽ വളരെ ഭംഗിയായാണ് ടീച്ചർ മോഡൽ ഒരുക്കിവെച്ചിട്ടുള്ളത്. ഇടതുഭാഗത്തെ ജനലിലൂടെ വരുന്ന വെളിച്ചം അതിന്റെ ഭംഗി കൂട്ടുന്നു. ഇങ്ങനെ ഒരുക്കിക്കിവെക്കുക എന്നതും ഒരു കല തന്നെയാണല്ലോ എന്ന് മൊഴി ഓർത്തു. പ്രൊജക്ടർ ഓൺ ചെയ്ത് പലകാലങ്ങളിൽ വരച്ച നിശ്ചലദൃശ്യചിത്രങ്ങൾ ടീച്ചർ കാണിച്ചു. ഇതിൽ യഥാർഥവസ്തുവിനെ പോലെതന്നെ തോന്നിക്കുന്ന ചിത്രം മുതൽ കുട്ടികൾ വരച്ചത് പോലെ തോന്നിക്കുന്ന ചിത്രങ്ങളും ഉണ്ടായിരുന്നു. അവസാനം ഫ്രീസ് ചെയ്ത ചിത്രം മൊഴിയെ സന്തോഷത്തിലാക്കി.
അതു പോൾസെസാന്റെ ചിത്രം തന്നെയായിരുന്നു.
നോക്കൂ
ഈ ചിത്രം കണ്ടാൽ യഥാർഥവസ്തുവിന്റെ തോന്നൽ ഉണ്ടാകുന്നുണ്ടല്ലോ.ടീച്ചർ ചിത്രം ഒന്നുകൂടി സൂം ചെയ്തു. ഇപ്പോഴോ?.
ഇതിൽ നിറങ്ങളുടെ തേപ്പിലും രേഖകളുടെ പ്രയോഗത്തിലും വളരെയധികം വ്യത്യാസമുണ്ട്.



വര തുടങ്ങുന്നതിനുമുമ്പ് മോഡലായി വച്ച വസ്തുക്കളെ സൂക്ഷ്മമായി നിരീക്ഷിക്കൂ. ഓരോന്നിന്റെയും ആകൃതി, വലിപ്പം, നിറം എന്നിവ താരതമ്യം ചെയ്യൂ. വസ്തുക്കളിൽ വെളിച്ചം തട്ടുമ്പോൾ നിറത്തിന് എന്തെങ്കിലും മാറ്റം വരുന്നുണ്ടോ, ഒരു വസ്തുവിൽ തന്നെ ഒന്നിൽ കൂടുതൽ നിറങ്ങൾ കാണുന്നുണ്ടോ?.

ഈ പ്ലാസ്റ്റിക് കപ്പ് ചുവപ്പുനിറമാണല്ലോ ഒരു വശത്തുനിന്ന് വെളിച്ചം പതിക്കുന്ന ഈ കപ്പിനെ ഒന്ന് സൂക്ഷിച്ചുനോക്കൂ.
നിറത്തിന് എന്തുമാറ്റമാണ് വന്നത്?.





വെളിച്ചം വസ്തുവിൽ പതിക്കുമ്പോൾ
നിറത്തിനുണ്ടാവുന്ന തെളിച്ചവും കാഠിന്യവും
സൂക്ഷ്മമായി നിരീക്ഷിച്ച് ചിത്രീകരിച്ചത് കൊണ്ടാണ്
സെസാന്റെ ചിത്രത്തിലെ കുപ്പിയും
ആപ്പിളുമെല്ലാം ഉരുണ്ടതായി തോന്നുന്നത്.



ടീച്ചർ ഒരുക്കി വെച്ചിട്ടുള്ള മോഡൽ സൂക്ഷ്മ നിരീക്ഷണത്തിന് വിധേയമാക്കൂ.
A3 വലുപ്പമുള്ള പേപ്പറിൽ കറുപ്പുനിറം ഉപയോഗിച്ച് ബ്രഷ് കൊണ്ട് നേരിട്ട് വരക്കൂ.വരച്ചവ പരസ്പരം കാണൂ, പ്രദർശിപ്പിക്കൂ, വിലയിരുത്തൂ.

ഈ ചിത്രത്തിന്റെ മേൻമകളും മെച്ചപ്പെടുത്താനുള്ള മാർഗങ്ങളുമെല്ലാം നിങ്ങൾക്ക് മനസ്സിലായിരിക്കുമല്ലോ. കൂടുതൽ തെളിച്ചം വേണമെന്ന് തോന്നുന്നുണ്ടെങ്കിൽ കൂട്ടുകാരുമായും ടീച്ചറുമായും ചർച്ചചെയ്യൂ. A3 വലുപ്പമുള്ള പേപ്പറിൽ ബ്രഷും നിറവും ഉപയോഗിച്ച് നിരീക്ഷിച്ച കാര്യങ്ങൾ കൃത്യതപ്പെടുത്തി വരച്ച് മികച്ച ഒരു പെയിൻറിങ്ങ് തയാറാക്കൂ. വ്യത്തിയായി ക്ലാസിൽ പ്രദർശിപ്പിക്കൂ...
കൂടുതൽ റഫറൻസ് വേണമെന്ന് തോന്നുന്നുണ്ടെങ്കിൽ ടീച്ചറോട് ആവശ്യപ്പെടൂ.



# ഷാർദിൻ CHARDINE



ഫ്രാൻസ്

1699-1779

ജീൻ ബാപ്റ്റിസ്റ്റ് സൈമൺഷാർദിൻ 1699 നവംബർ 2 ന് പാരീസിലാണ് ജനിച്ചത്. പാരീസിലെ സമ്പന്നമായ കലാ പാരമ്പര്യത്തിൽ നിന്ന് ഊർജം ഉൾക്കൊണ്ടാണ് ഇദ്ദേഹം കലാജീവിതം തുടങ്ങിയത്. നിശ്ചലദൃശ്യ ( stilllife ) ചിത്രീകരണത്തിൽ വിദഗ്ധനായിരുന്നു ഷാർദിൻ. നിത്യോപയോഗസാധനങ്ങൾ ശ്രദ്ധാപൂർവ്വം വിന്യസിക്കപ്പെട്ട ഒട്ടേറെ കോമ്പോസിഷനുകൾ ഇദ്ദേഹത്തിന്റേതായുണ്ട്. നിരവധി ഭൂഭാഗകാഴ്ചകളും, ഛായാചിത്രങ്ങളും ഷാർദിൻ രചിച്ചിട്ടുണ്ട്. എഡ്വേഡ് മാനേ, പോൾ സെസാൻ, ഹെന്റി മത്തീസ് തുടങ്ങി പല ഇമ്പ്രഷനിസ്റ്റ് ചിത്രകാരന്മാരുടെയും പ്രേരകശക്തിയായിരുന്നു ഷാർദിൻ. 1779 ഡിസംബർ 6ന് ഇദ്ദേഹം അന്തരിച്ചു.





still-life-jean-baptiste-simeon-chardin



Emil Carlsen-Study in grey

## എമിൽ കാൾസൺ

EMIL CARLSEN



അമേരിക്ക

1853-1932

ഡെൻമാർക്കിൽ നിന്നും അമേരിക്കൻ ഐക്യനാടുകളിലേക്ക് കുടിയേറിയ ഒരു അമേരിക്കൻ ഇമ്പ്രഷനിസ്റ്റ് ചിത്രകാരനായിരുന്നു എമിൽ കാൾസൺ . 1853 ഒക്ടോബർ 19 നാണ് കാൾസൺ ജനിച്ചത്. കലാപാരമ്പര്യമുള്ള കുടുംബമായിരുന്നു ഇദ്ദേഹത്തിന്റേത്. നിശ്ചലദൃശ്യ ചിത്രകാരനായാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്. നിത്യോപയോഗ സാധനങ്ങളുടെ സവിശേഷമായ വിന്യാസക്രമം ഇദ്ദേഹത്തിന്റെ കോമ്പോസിഷനുകളുടെ പ്രത്യേകതയായിരുന്നു. നിരവധി ഭൂഭാഗദൃശ്യങ്ങളും സമുദ്രദൃശ്യങ്ങളും കാൾസൺ പിൽക്കാലത്ത് വരച്ചിട്ടുണ്ട്. 1932 ജനുവരി 2 ന് എമിൽ കാൾസൺ അന്തരിച്ചു.

## കാമിലെ പിസാറോ

## CAMILLE PISSARRO



ഫ്രാൻസ്

1830-1903

ഇംപ്രഷനിസ്റ്റ് - പോസ്റ്റ് ഇംപ്രഷനിസ്റ്റ്കാലത്തെ പ്രസിധ ചിത്രകാരനാണ് കാമിലെപിസാറോ . ഇംപ്രഷനിസ്റ്റ്ഗ്രൂപ്പിന്റെ കേന്ദ്ര സ്ഥാനീയൻ ആയി അറിയപ്പെടുന്നത് പിസാറോ ആണ്. അക്കാലത്ത് നിലനിന്നിരുന്ന ഗാലറി സംസ്കാരത്തിൽ നിന്നും തികച്ചും വിഭിന്നമായിരുന്നു ഇംപ്രഷനിസ്റ്റ് ചിത്ര രചനാ രീതി. തീരെസ്വീകാര്യതയില്ലാതിരുന്ന അത്തരം ചിത്രങ്ങൾ പിസാറോ, ജോർജ്ജ് സൂറ, പോൾ സെസ്സാൻ, വിൻസൻറ് വാൻഗോഗ്, പോൾ ഗോഗിൻ തുടങ്ങിയ ഇംപ്രഷനിസ്റ്റ് ചിത്രകാരന്മാരുടെ ജീവിതം ദുസ്സഹമാക്കി. 1830 ജൂലൈ 10ന് ഡാനിഷ് ഫ്രഞ്ച് പ്രദേശത്ത് ജനിച്ച മഹാനായ ചിത്രകാരൻ കാമിലെപിസാറോ തന്റെ 73-ാമത്തെ വയസ്സിൽ 1903 നവംബർ 13 ന് പാരീസിൽ അന്തരിച്ചു.



# വിലയിരുത്തൽ പേജ്

| ക്രമ നമ്പർ | പേര് | സ്കോർ |
|---|---|---|
| 1 | | |
| 2 | | |
| 3 | | |
| 4 | | |
| 5 | | |
| 6 | | |
| 7 | | |
| 8 | | |
| 9 | | |
| 10 | | |
| 11 | | |
| 12 | | |
| 13 | | |
| 14 | | |
| 15 | | |
| 16 | | |
| 17 | | |
| 18 | | |
| 19 | | |
| 20 | | |
| 21 | | |
| 22 | | |
| 23 | | |
| 24 | | |
| 25 | | |
| 26 | | |
| 27 | | |
| 28 | | |
| 29 | | |
| 30 | | |
| 31 | | |
| 32 | | |

| ക്രമ നമ്പർ | പേര് | സ്കോർ |
|---|---|---|
| 33 | | |
| 34 | | |
| 35 | | |
| 36 | | |
| 37 | | |
| 38 | | |
| 39 | | |
| 40 | | |
| 41 | | |
| 42 | | |
| 43 | | |
| 44 | | |
| 45 | | |
| 46 | | |
| 47 | | |
| 48 | | |
| 49 | | |
| 50 | | |
| 51 | | |
| 52 | | |
| 53 | | |
| 54 | | |
| 55 | | |
| 56 | | |
| 57 | | |
| 58 | | |
| 59 | | |
| 60 | | |
| 61 | | |
| 62 | | |
| 63 | | |
| 64 | | |

| | എന്റെ പേര് | എനിക്ക് ഞാൻ നൽകിയ സ്കോർ | ടീച്ചർ നൽകിയ സ്കോർ |
|---|---|---|---|
| | | | |

ഈ യൂണിറ്റിൽ നിന്ന് ഞാൻ പഠിച്ചത് :...............................................................................................................................

.......................................................................................................................................................................................

*ശ്രദ്ധിക്കുക - ടീച്ചറുടെ നിർദേശപ്രകാരം യൂണിറ്റിലെ മികച്ച ഒരു പ്രവർത്തനം വിലയിരുത്തണം.*



portrait of aswajith-kmgvhss.tavanur-baijudev.

## എന്നെ ചുമരിൽ ഒട്ടിച്ചേ...

സ്കൂളിൽ ചിത്രകലാക്യാമ്പ് നടത്തുന്നതിനിടയിലാണ് രസകരമായഅനുഭവം ഉണ്ടായത്. വരയ്ക്കുന്നവരെ സഹായിക്കാൻ വേണ്ടിയാണ് ഗിരീഷ്മാഷ് വിളിച്ചത്. കാര്യങ്ങൾചെയ്തുകൊടുത്ത ഞാൻ അവിടെത്തന്നെ ചുറ്റിപ്പറ്റി നടന്നു. പിന്നെ ബൈജു മാഷിന്റെയടുത്തെത്തി. ബൈജു മാഷ് എന്നോട് സംസാരിക്കുന്നതിനനുസരിച്ച് മറുപടി പറഞ്ഞുനിൽക്കുന്നതിനിടയിൽ കൂട്ടുകാരുടെ ആഹ്ലാദകൂവൽ കേട്ടാണ് ഞാൻ ചുമരിലേക്ക് തിരിഞ്ഞുനോക്കിയത്. അത്ഭുതം....
ബൈജു മാഷ് എന്നെ ചുവരിൽ ഒട്ടിച്ചു വെച്ചതുപോലെ വരച്ചിരിക്കുന്നു. ഞാൻ സന്തോഷം കൊണ്ട് മാഷെ കെട്ടിപ്പിടിച്ചു. എങ്ങനേ മാഷേ ഇങ്ങനെ വരയ്ക്കാൻ ആവുന്നത് !.

## mona lisa

1503-1505



### ഛായ വന്നാൽ ഛായാചിത്രം

ഈ ചിത്രം കാണാത്തവർ ഉണ്ടാവില്ലല്ലോ. പ്രശസ്ത ഇറ്റാലിയൻ നവോത്ഥാന ചിതകാരനായിരുന്ന ലിയനാർഡോ ഡാവിഞ്ചി ( Leonardo Davinci ) യുടെ പ്രശസ്ത ചിത്രമായ മൊണാലിസയാണിത്.ഈ പ്രശസ്ത പെയിൻറിംഗ് ഫ്ളോറൻസിലെ സിൽക്ക് വ്യാപാരിയായ ഫ്രാൻസിസ്കോ ഡെൽ ജിയോകോണ്ടോയുടെ ഭാര്യയായ ലിസ ഡെൽ ജിയോകോൺഡോ യുടെ അർധഛായാചിത്രമാണ്. യഥാർഥ ഇറ്റാലിയൻ പേര് La Gioconda എന്നാണ്. ഡാവിഞ്ചി വരച്ച ഈ ചിത്രം സിൽക്ക് വ്യാപാരിയുടെ കുടുംബം കൈപ്പറ്റുകയുണ്ടായില്ല. ഇപ്പോൾ ഈ ചിത്രം ഫ്രാൻസിലെ ലൂർ മ്യൂസിയത്തിൽ ബുള്ളറ്റ് പ്രൂഫ് രക്ഷാകവചത്തിന്റെ ഉള്ളിലൂടെ ആയിരക്കണക്കിന് ആരാധകർ കണ്ടുകൊണ്ടിരിക്കുന്നു.

*ഇങ്ങനെ നമുക്കും ഛായാചിത്രങ്ങൾ ചെയ്യാമല്ലോ.*

ഒരാൾ മോഡലായി ഇരിക്കൂ, അവരെ നോക്കി മറ്റുള്ളവർ ബ്രഷുകൊണ്ട് അർധഛായാചിത്രം വരക്കൂ. നിറം നൽകൂ.. പശ്ചാത്തലത്തിലും നിറം നൽകണം. മുഖച്ഛായ കൊണ്ടുവരാൻ ശ്രദ്ധിക്കണം.

സൂക്ഷ്മമായ നിരീക്ഷണത്തിലൂടെ മുഖച്ഛായയും മുഖഭാവവും ചിത്രത്തിൽ കൊണ്ടുവരാൻ നമുക്കാവും. ഓവൽ ആകൃതി വരച്ചാൽ (സ്കൾ) അതിൻറെ മധ്യഭാഗത്തായി കണ്ണും കണ്ണിനു താഴെയുള്ളതിന്റെ മധ്യഭാഗത്തായി മൂക്കും മൂക്കിനു താഴെയുള്ള ഭാഗത്തിന്റെ മധ്യഭാഗത്തായി ചുണ്ടുംവരയ്ക്കാം. മൂക്കിന്റെ അടിയിലൂടെ ഇരുവശത്തേക്കും നേർരേഖ വരച്ചാൽ വശങ്ങളിൽ അതിനുമുകളിലേക്ക് പുരികം വരെ ചെവിയും വരക്കാം. മുടിയും കഴുത്തും ഉചിതമായ രീതിയിൽ വരയ്ക്കണം.

വരച്ച ചിത്രങ്ങൾ വൃത്തിയിൽ മൗണ്ട് ചെയ്ത് ക്ലാസിൽ പ്രദർശിപ്പിക്കൂ. വിലയിരുത്തൂ.



gian lorenzo bernini self portrait



fathima rana .m.8.i



yue minjun self portrait

ഈ ഛായാചിത്രങ്ങൾ നിരീക്ഷിക്കൂ

## നമുക്ക് നമ്മളെത്തന്നെ വരയ്ക്കാം

നമ്മൾ നമ്മളെ മൊബൈലിൽ പകർത്തുന്നതിനെ സെൽഫി എന്നാണല്ലോ പറയാറ്. അതേ പോലെ നാം നമ്മുടെ ഛായാചിത്രം വരയ്ക്കുന്നതിന് സെൽഫ് പോർട്രേറ്റ് എന്നാണ് പറയുന്നത്.

നമ്മളെ നമുക്കെങ്ങനെ വരയ്ക്കാൻ കഴിയും?. ആലോചിക്കൂ,സ്വയം നിരീക്ഷിക്കൂ, ചാർക്കോളോ, സോഫ്റ്റ് പേസ്റ്റലോ, ഉപയോഗിച്ച് വരച്ചു നോക്കൂ.. വരച്ച ചിത്രം വൃത്തിയായി മൗണ്ട് ചെയ്ത് ക്ലാസിൽ പ്രദർശിപ്പിക്കൂ. വിലയിരുത്തൂ..



raniya.9.d - m.u.h.s.s.oorakam



Pablo Picasso - Self Portrait Facing Death, 1972.


the lace maker -c-1666-1671

## യാൻ വെർമീർ

JANVERMEER



നെതർലാന്റ്

1632-1675


girl with a pearl earring

1632 ൽ നെതർലാന്റിലെ
ഡെൽഫ്റ്റിൽ ജനിച്ചു.
എക്കാലത്തെയും മികച്ച ഡച്ച്
ചിതകാരന്മാരിലൊരാളായിരുന്നു
യാൻ വെർമീർ.
വളരെകുറച്ച് ചിത്രങ്ങൾ
മാത്രമേ
അദ്ദേഹത്തിന്റേതായുള്ളൂ
വെങ്കിലും, ഇവയെല്ലാം
തികച്ചും മൗലികവും
പൂർണവുമായിരുന്നു.
നിത്യജീവിതത്തിലെ
സന്ദർഭങ്ങളെ നിഴലിന്റെയും
വെളിച്ചത്തിന്റെയും
നാടകീയമായ
വിന്യാസത്തിലൂടെ വെർമീർ
ആവിഷ്കരിച്ചു.മെയ്ഡ് വിത്ത്
എ മിൽക്ക് ജഗ്ഗ്, വ്യൂ ഓഫ്
ഡെൽഫ്റ്റ് എന്നിവ പ്രസിദ്ധ
രചനകൾ.1675ൽ അന്തരിച്ചു.

## ഫ്രാൻസ് ഹാൾസ്

FRANS HALS

ഛായാചിത്രരചനയുടെ ചക്രവർത്തിയായ ഫ്രാൻസ് ഹാൾസിന്റെ ജീവിതകാലത്തെക്കുറിച്ച് ഏറെയൊന്നും ലഭ്യമല്ല. സ്പാനിഷ് നെതർലാന്റ്സിലെ ആന്റ്‌വെർപ് എന്ന സ്ഥലത്ത് 1582 ലാണ് ജനിച്ചതെന്ന് കരുതപ്പെടുന്നു. സവിശേഷമായ നിറച്ചാർത്തുകളും, ഭാവങ്ങളും നിറഞ്ഞ ഒട്ടേറെ ഛായാചിത്രങ്ങൾ ഹാൾസ് വരച്ചിട്ടുണ്ട്. ആഹ്ലാദവും ആനന്ദവുമായിരുന്നു ഹാൾസ് ചിത്രങ്ങളുടെ സവിശേഷ ഭാവം. ദ ബോയ് വിത്ത് എ ഫ്ളൂട്ട്,യംഗ് മേൻ വിത്ത് സ്കൾ എന്നിവ ഹാൾസിന്റെ മികച്ച രചനകളാണ്.1666ൽ അന്തരിച്ചു.



നെതർലാന്റ്

1582-1666


singing boy with flute



1962 ൽ ചൈനയിലെ ബീജിംഗിലാണ് യൂമിൻജുൻ ജനിച്ചത്.സമകാലിക ചിത്രകലയിലെ പ്രശസ്ത ചിത്രകാരനാണ് ഇദ്ദേഹം.പെയിൻറിംഗ്,ഇൻസ്റ്റലേഷൻ, ശില്പകല എന്നിവയിലും തന്റെ കഴിവ് തെളിയിച്ചിട്ടുണ്ട്. സാമൂഹികപ്രശ്നങ്ങളെ തന്റെ പ്രസിദ്ധമായ പരിഹാസരൂപങ്ങൾ കൊണ്ട് തുറന്നു കാട്ടുകയാണ് യൂമിൻജുൻ പിന്തുടരുന്ന രീതി .1989 മുതൽ 'സിനിക്കൽ റിയലിസ്റ്റ് '
എന്ന മൂവ്മെന്റിന്റെ തുടക്കക്കാരിൽ ഒരാളാണ് . എക്സിക്യൂഷൻ, ബാക്ക്യാഡ് ഗാർഡൻ, ഹാറ്റ്സ് എന്നിവ പ്രധാന സൃഷ്ടികളാണ്.


യൂമിൻജുൻ

YUE MINJUN



ചൈന

1962



# വിലയിരുത്തൽ പേജ്

| ക്രമ നമ്പർ | പേര് | സ്കോർ |
|---|---|---|
| 1 | | |
| 2 | | |
| 3 | | |
| 4 | | |
| 5 | | |
| 6 | | |
| 7 | | |
| 8 | | |
| 9 | | |
| 10 | | |
| 11 | | |
| 12 | | |
| 13 | | |
| 14 | | |
| 15 | | |
| 16 | | |
| 17 | | |
| 18 | | |
| 19 | | |
| 20 | | |
| 21 | | |
| 22 | | |
| 23 | | |
| 24 | | |
| 25 | | |
| 26 | | |
| 27 | | |
| 28 | | |
| 29 | | |
| 30 | | |
| 31 | | |
| 32 | | |

| ക്രമ നമ്പർ | പേര് | സ്കോർ |
|---|---|---|
| 33 | | |
| 34 | | |
| 35 | | |
| 36 | | |
| 37 | | |
| 38 | | |
| 39 | | |
| 40 | | |
| 41 | | |
| 42 | | |
| 43 | | |
| 44 | | |
| 45 | | |
| 46 | | |
| 47 | | |
| 48 | | |
| 49 | | |
| 50 | | |
| 51 | | |
| 52 | | |
| 53 | | |
| 54 | | |
| 55 | | |
| 56 | | |
| 57 | | |
| 58 | | |
| 59 | | |
| 60 | | |
| 61 | | |
| 62 | | |
| 63 | | |
| 64 | | |

| | എന്റെ പേര് | എനിക്ക് ഞാൻ നൽകിയ സ്കോർ | ടീച്ചർ നൽകിയ സ്കോർ |
|---|---|---|---|
| | | | |

ഈ യൂണിറ്റിൽ നിന്ന് ഞാൻ പഠിച്ചത് :..............................................................................................................................

..........................................................................................................................................................................

*ശ്രദ്ധിക്കുക - ടീച്ചറുടെ നിർദേശപ്രകാരം യൂണിറ്റിലെ മികച്ച ഒരു പ്രവർത്തനം വിലയിരുത്തണം.*

# നേർകാഴ്ചകളുടെ പൊലിമ

കല്യാണമണ്ഡപത്തിലേക്ക് കടക്കാൻ ശ്രമിക്കുന്നതിനിടയിലാണ് തലയ്ക്ക് മുകളിലൂടെ ഒരു ഇരമ്പൽ കടന്നുപോയത്. എല്ലാവരുടെയും നോട്ടം മുകളിലേക്ക് ആയി. ഒരു വെളുത്ത കുഞ്ഞു വിമാനം മുകളിലേക്ക് പറക്കുന്നു. ഓഡിറ്റോറിയത്തിന് അടുത്തുള്ള വലിയ തെങ്ങിന്റെ ഉയരവും കഴിഞ്ഞ് അത് ഓഡിറ്റോറിയത്തിന് മുകളിൽ വട്ടമിട്ടു. ക്യാമറ ഘടിപ്പിച്ച കുഞ്ഞു വിമാനമായ ഡ്രോൺ ആയിരുന്നു ഇത്.

pieter_bruegel_the_elder - wedding dance in the open air





memories-sunil pookode

# മാറിമറിയുന്ന കാഴ്ചകൾ


കല്യാണ വീഡിയോയിൽ ഡ്രോൺ പകർത്തിയ ദൃശ്യം എനിക്കൊരു അത്ഭുതം തന്നെയായിരുന്നു. എന്റെ തല വലിയ വലുപ്പത്തിലും താഴെയുള്ള ഭാഗങ്ങൾ മെലിഞ്ഞുമിരിക്കുന്നു. വിമാനം എന്നിൽ നിന്ന് അകന്നു പോകും തോറും എന്റെ വ്യക്തത കുറയുകയും ചെറുതാവുകയും പിന്നീട് ഒരു പൊട്ടുപോലെ ഞങ്ങളെല്ലാവരും മാറുകയും ചെയ്തു. തെങ്ങിനും ഓഡിറ്റോറിയത്തിനും വന്ന മാറ്റവും അത്ഭുതമായിരുന്നു. കണ്ണിന്റെ അയഥാർത്ഥമായ ഈ തോന്നലിന് 'പേഴ്സ്പെക്ടീവ് 'എന്നാണ്പേര്. പ്രകൃതി ദൃശ്യ ചിത്രീകരണം മുതൽ യഥാർഥമായ ഒട്ടുമിക്ക വരകളിലും ഈ നിയമം പ്രയോഗിക്കപ്പെട്ടതാണ്. ഇത്തരം ഏതെങ്കിലും ദൃശ്യം സിനിമകളിൽ കണ്ടതായി ഓർമ വരുന്നുണ്ടോ. വെറുതെ ഒന്നാലോചിക്കൂ.



pieter brueghel the elder - winter landscape with skaters and bird trap-1565

# കാഴ്ചയുടെ തെരഞ്ഞെടുപ്പ്

paul gauguin -road in tahiti -1891



പ്രശസ്ത ചിത്രകാരനായ പോൾ ഗോഗിന്റെ താഹിതിയിലേക്കുള്ള റോഡ് എന്ന ചിത്രമാണ് ഇത്. ഇതിലെ മൺപാതയും കെട്ടിടവും, നേരെയുള്ള മരങ്ങളും, മരങ്ങളുടെനിരയും ശ്രദ്ധിക്കൂ. എന്ത് മാറ്റമാണ് കാണാനാവുന്നത് ?. കുറിക്കൂ.



binod bihari mukherjee - drawing

ചിത്രകലയിൽ ദൂരം കാണിക്കാൻ ഉപയോഗിക്കുന്ന സങ്കേതമായ പെഴ്സ്പെക്റ്റീവിനെ അടിസ്ഥാനമാക്കി വരച്ച  ചില ചിത്രങ്ങൾ കൊടുത്തിരിക്കുന്നു.
ഇവ നിരീക്ഷിച്ച് സ്കൂളിനടുത്തുള്ള ഒരു ദൃശ്യത്തെ ചിത്രമാക്കി മാറ്റൂ.കണ്ണിന് അടുത്തുള്ള വസ്തുവിനെ വലുതാക്കിയും, അകന്നു പോകും തോറും കാണുന്നതിന് അനുസരിച്ച് വലിപ്പവും വ്യക്തതയും കുറച്ചും പെയിൻറിംഗ് തയാറാക്കൂ.
വരച്ചചിത്രങ്ങൾ വൃത്തിയിൽ മൗണ്ട് ചെയ്ത് പ്രദർശിപ്പിക്കൂ. വിലയിരുത്തൂ.

ചിത്രം വരക്കുമ്പോൾ നിരീക്ഷിച്ച ദൃശ്യത്തിലെ എല്ലാ രൂപങ്ങളും ചേർക്കണമെന്നില്ല. ഉചിതമായവ മാത്രം സ്വീകരിക്കൂ, നിങ്ങൾ സ്വീകരിച്ച ഫ്രെയിമിനു പുറത്തുള്ള ഒരു രൂപത്തെ വേണമെങ്കിൽ കൂട്ടിച്ചേർക്കാം. ബ്രഷ് കൊണ്ട് നേരിട്ട് വരക്കൂ ചിത്രത്തിനു ദൃശ്യഭംഗി കിട്ടുന്ന വിധത്തിൽ വർണങ്ങൾ പ്രയോഗിക്കൂ.
രൂപങ്ങൾ വിന്യസിക്കൂ.



The Harvest Vincent van Gogh (1853 - 1890), Arles, June 1888



landscape with houses amoung trees and a figure by vincent vangogh

## ഒറ്റനിറത്തിൽ പെൻസിൽ ചിത്രം

നിങ്ങളുടെ വീട് ഉൾപ്പെടുന്ന പ്രകൃതിദൃശ്യം വരയ്ക്കുക. പെൻസിൽ ഉപയോഗിച്ച് വരച്ചാൽ മതി. നിറത്തിന് പകരം വിവിധ ഗ്രേഡിലുള്ള പെൻസിലുകൾ ഉപയോഗിച്ച് നിറം നൽകാം. ക്ലാസിൽ പ്രദർശിപ്പിക്കൂ.

*2ബി, 3ബി, 4ബി തുടങ്ങിയ നമ്പർ കൂടുന്നതനുസരിച്ച് പെൻസിൽ ലെഡിന്റെ നിറവും മൃദുത്വവും കൂടും.*

പെയിന്റ്ചെയ്ത വർണ്ണചിത്രവും പെൻസിൽ ചിത്രവും കാഴ്ചയ്ക്ക് എന്തെല്ലാം തരത്തിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

ഇവിടെ കുറിക്കൂ.

# പീറ്റർ ബ്രൂഗൽ



PIETER BRUEGEL

നെതർലാൻഡ്

1530-1569



the hunters in the snow winter -1565

പീറ്റർ ബ്രൂഗൽ ഗ്രാമീണ ജീവിതം നയിച്ച പ്രശസ്തനായ ഡച്ച് ചിത്രകാരനായിരുന്നു. 1530ൽ നെതർലാൻഡിലെ ഹാബസ് ബർഗ് എന്ന സ്ഥലത്താണ് അദ്ദേഹം ജനിച്ചത്. ലാൻഡ്സ്കേപ് വിത്ത് ദ ഫാഗസ് ഓഫ് ഐക്കറസ്, ദ ഹണ്ടേഴ്സ് ഇൻ ദ സ്നോ, ദ ഫിസന്റ് വെഡിങ് തുടങ്ങിയവ പീറ്റർ ബ്രൂഗലിന്റെ പ്രശസ്തമായ പെയിന്റിങ്ങുകളാണ്. പിൽക്കാലത്ത് അദ്ദേഹം ഇറ്റലിയിലേക്ക് യാത്രചെയ്യുകയും 1955 ൽ തിരിച്ചെത്തി ഡിസൈനിങ്ങിലും പ്രിന്റ് മേക്കിങ്ങിലും ശ്രദ്ധകേന്ദ്രീകരിക്കുകയും ചെയ്തു. മഹാനായ ഈ ചിത്രകാരൻ 1569 ൽ തന്റെ 39-ാമത്തെ വയസ്സിൽ നമ്മെവിട്ടുപോയി.

Pieter Bruegel the Elder, The Dutch Proverbs, 1559





ജോർജ്ജ് സൂറ


GEORGES SEURET



ഫ്രാൻസ്

1859-1891

പാരീസിലെ ഒരു ഇടത്തരം കുടുംബത്തിൽ1959 ഡിസംബർ 2ന്  ജോർജ്ജ് സൂറ ജനിച്ചു. വർണങ്ങൾ ബിന്ദുക്കളായി ചിത്രതലത്തിൽ വിന്യസിക്കുന്ന പോയിന്റലിസം എന്ന സവിശേഷമായ രചനാശൈലിയാണ് സൂറയെ ശ്രദ്ധേയനാക്കിയത്.വ്യത്യസ്തമായ ഒരു ദൃശ്യാനുഭവമാണ് സൂറയുടെ ചിത്രങ്ങൾ.സൺഡേ ആഫ്റ്റർനൂൺ ഓൺ ദ ഐലന്റ് ഓഫ് ലാ ഗ്രാന്റ് ജട്ടി ഇദ്ദേഹത്തിന്റെ വിഖ്യാത രചനയാണ്.1891ൽ തന്റെ 31ാം വയസ്സിൽ ഗാനാത്മകസൗന്ദര്യം നിറഞ്ഞ ഒട്ടേറെ ചിത്രങ്ങൾ ബാക്കിയാക്കി സൂറ അന്തരിച്ചു.




ഗുസ്താവ് ക്ലിംറ്റ്

GUSTAV KLIMT



ഹോളണ്ട്

1862-1918



golden-apple-tree

ആസ്ട്രിയൻ സിംബോളിസ്റ്റ് ചിത്രകാരനായിരുന്ന ഗുസ്താവ് ക്ലിംറ്റ് 1862 ജൂലൈ 14 ന് വിയന്നയ്ക്കടുത്തുള്ള ബംഗാർട്ടനിലാണ് ജനിച്ചത് . കലാപാരമ്പര്യമുള്ള ഒരു ദരിദ്ര കുടുംബത്തിലാണ്ക്ലിംറ്റ് ജനിച്ചത്. അലങ്കാരപ്രധാനവും രൂപസമൃദ്ധവുമായചിത്രങ്ങളാണ് ഇദ്ദേഹത്തിന്റേത്.



italian-garden

ജാപ്പനീസ് ചിത്രകാരന്മാരുടെ രചനാരീതിയും ശൈലിയും ക്ലിംറ്റിനെ ഏറെ സ്വാധീനിച്ചിരുന്നു. നിരവധി സ്കെച്ചുകളും മ്യൂറലുകളും ഭൂഭാഗചിത്രങ്ങളും ക്ലിംറ്റ് വരച്ചിട്ടുണ്ട്. സ്വർണവർണം (gold leaf) ചിത്രതലത്തിൽ ഉപയോഗിക്കുന്ന രീതി ക്ലിംറ്റ് പരീക്ഷിച്ചിരുന്നു. പോർട്രൈറ്റ് ഓഫ് ഇഗ്വാനിയ, ജൂഡിത്ത് ആന്റ് ദ ഹെഡ് ഓഫ് ഹോളോ ഫെർണസ് എന്നിവ ഇദ്ദേഹത്തിന്റെ പ്രശസ്ത രചനകളാണ്. 1918 ഫെബ്രുവരി 6ന് തന്റെ 55-ാം വയസ്സിൽ ഗുസ്താവ് ക്ലിംറ്റ് അന്തരിച്ചു.

# വിലയിരുത്തൽ പേജ്

| ക്രമ നമ്പർ | പേര് | സ്കോർ | ക്രമ നമ്പർ | പേര് | സ്കോർ |
|---|---|---|---|---|---|
| 1 | | | 33 | | |
| 2 | | | 34 | | |
| 3 | | | 35 | | |
| 4 | | | 36 | | |
| 5 | | | 37 | | |
| 6 | | | 38 | | |
| 7 | | | 39 | | |
| 8 | | | 40 | | |
| 9 | | | 41 | | |
| 10 | | | 42 | | |
| 11 | | | 43 | | |
| 12 | | | 44 | | |
| 13 | | | 45 | | |
| 14 | | | 46 | | |
| 15 | | | 47 | | |
| 16 | | | 48 | | |
| 17 | | | 49 | | |
| 18 | | | 50 | | |
| 19 | | | 51 | | |
| 20 | | | 52 | | |
| 21 | | | 53 | | |
| 22 | | | 54 | | |
| 23 | | | 55 | | |
| 24 | | | 56 | | |
| 25 | | | 57 | | |
| 26 | | | 58 | | |
| 27 | | | 59 | | |
| 28 | | | 60 | | |
| 29 | | | 61 | | |
| 30 | | | 62 | | |
| 31 | | | 63 | | |
| 32 | | | 64 | | |

| | എന്റെ പേര് | എനിക്ക് ഞാൻ നൽകിയ സ്കോർ | ടീച്ചർ നൽകിയ സ്കോർ |
|---|---|---|---|
| | | | |

ഈ യൂണിറ്റിൽ നിന്ന് ഞാൻ പഠിച്ചത് :............................................................................................................

.............................................................................................................................................

*ശ്രദ്ധിക്കുക - ടീച്ചറുടെ നിർദേശപ്രകാരം യൂണിറ്റിലെ മികച്ച ഒരു പ്രവർത്തനം വിലയിരുത്തണം.*




akashkrishna.8 f tavanur

യൂണിറ്റ് 2

# പറന്നുയരാൻ ഒരു സ്വപ്നാകാശം

അതിരുകളില്ലാതെ നീണ്ടുനിവർന്ന് കിടക്കുകയാണ് സ്വപ്നത്തിന്റമായികലോകം. സ്വപ്നത്തിൽ നമുക്ക് എന്തുമായി മാറാൻപറ്റും, ആഗ്രഹിക്കുന്നസമയത്ത് എവിടെയും എത്താം. എവിടെയുംകാണാത്ത ലോകം സൃഷ്ടിക്കാം. ആസ്വപ്നങ്ങളാണ് ലോകത്തെ മാറ്റിമറിച്ചത് പുതുലോകം സൃഷ്ടിച്ചത്. അതിനാൽ സ്വപ്നം കാണൂ അതിരുകളില്ലാതെ...



mubeena.ck 10.c

## ടോട്ടോ

ഈ കാര്യങ്ങളെല്ലാം നാളേക്ക് എങ്ങനെ ചെയ്തു തീർക്കും എന്ന ആശങ്കയോടെയാണ് ടോട്ടോ ഉറങ്ങാൻ കിടന്നത്.ഓരോ കാര്യവും ഒരേ സമയം ചെയ്യാൻ,ആലോചിക്കാൻ, കുറേ തല കൂടി ഉണ്ടായിരുന്നെങ്കിൽ... ഉറക്കത്തിൽ എന്തൊക്കെയോ സ്വപ്നങ്ങളിലൂടെ അവൾ കടന്നു പോയി. രാത്രിയിൽ കണ്ട സ്വപ്ന ത്തിന്റെ മായികതയിൽ നിന്ന് കണ്ണുതിരുമ്മിക്കൊ ണ്ടാണ് ടോട്ടോ എഴുന്നേറ്റത്.
എഴുന്നേറ്റ ഉടൻ കണ്ണാടി നോക്കൽ ടോട്ടോയുടെ സ്ഥിരം പരിപാടിയാണ്. അന്ന് കണ്ണാടി നോക്കിയ ടോട്ടോ അത്ഭുതം കൊണ്ടും സന്തോഷം കൊണ്ടും കൂവി വിളിച്ചുപോയി.
എന്തുമാറ്റമാണ് ടോട്ടോ അന്ന് കണ്ടത്?.

ഇവിടെ എഴുതൂ.

## സ്വപ്നം ചിലപ്പോൾ

ടോട്ടോ ആഗ്രഹിച്ചപോലെ നിങ്ങൾക്കും ചില മാറ്റങ്ങൾ വന്നിരുന്നെങ്കിൽ എന്ന് ആഗ്രഹിച്ചിട്ടില്ലേ. അവയെന്താണ്?, എഴുതൂ.

- ആകാശത്ത് പറന്നു നടക്കുന്ന വീട്,
- പത്ത് തലയുണ്ടായിരുന്നെങ്കിൽ,
- ...............................................
- ...............................................

ലിസ്റ്റ് ചെയ്തതിൽ നിന്നും ഏറ്റവുമധികം ആഗ്രഹിക്കുന്ന ഒന്ന് തെരഞ്ഞെടുക്കൂ. ഇതിനെ ഒരു എഫോർ പേപ്പറിൽ കറുപ്പുനിറം ഉപയോഗിച്ച് ബ്രഷ് കൊണ്ട് നേരിട്ട് വരയ്ക്കൂ. രൂപത്തിൽ വന്ന മാറ്റം കൃത്യമായി വരയ്ക്കണേ. രേഖകളിൽ ശക്തി കൊണ്ടുവരാൻ, ധൈര്യം കൊണ്ടുവരാൻ പരമാവധി ശ്രദ്ധിക്കണം. വരച്ചവ ചുമരിൽ ക്ലിപ്പ് ചെയ്യൂ. അഭിപ്രായം പറയൂ. വിലയിരുത്തൂ.



marc chagall-the tiddler- 1912-13




## അത്ഭുതലോകത്തേക്ക് ചിറകടിച്ച്

അന്നും പതിവുപോലെ ഏറെനിരാശനായാണ് ആൻ ഉറക്കമുണർന്നത്.വെറുതെ കൈകൾ തലയ്ക്കു മീതെ പൊക്കി ആൻ എഴുന്നേറ്റു. പക്ഷേ കൈകൾ താഴ്ത്തിയപ്പോൾ പുറത്ത് എന്തോ തടഞ്ഞപോലെ. തൊട്ടുനോക്കിയ ആൻ സന്തോഷം കൊണ്ട് തുള്ളിച്ചാടി.

ഇത്രനാളും താൻ കാത്തിരുന്ന കാര്യം സംഭവിച്ചിരിക്കുന്നു. തനിക്കും ചിറക്മുളച്ചിരിക്കുന്നു. ഒട്ടും സമയം കളയാതെ ആൻ പുറത്തേക്കുകുതിച്ചു. ഭംഗിയുള്ള ചിറകുകൾ വീശി അവൻ വാനിലേക്ക് പറന്നുയർന്നു.

ഇങ്ങനെ നിങ്ങൾക്കും ചിറകുകൾ മുളച്ചു എന്ന് സങ്കല്പിച്ചു നോക്കൂ. എങ്കിൽ എന്താവും നിങ്ങൾ ചെയ്യുക?.കണ്ട ലോകം തേടിപ്പോകുമോ?, അതോ കാണാത്ത ലോകമോ?...കാണാത്ത ലോകമാണെങ്കിൽ അതെങ്ങനെയിരിക്കണം, എന്തെല്ലാം അവിടെ വേണം?... കുറിച്ചു നോക്കൂ.

ഇവിടെ കുറിക്കൂ

......സ്വപ്നലോകം ഓർമയിലുണ്ടോ എവിടെയും കാണാത്ത മരങ്ങൾ, ചെടികൾ, പൂക്കൾ, പക്ഷികൾ,..........മൃഗങ്ങൾ, മനുഷ്യർ.........

അവതാർ സിനിമയിലെ.........



നിങ്ങളുള്ള സങ്കല്പലോകം ഒന്ന് കോറിവരക്കൂ.കുറച്ചു സമയം മാത്രമെടുത്ത് വരയ്ക്കാൻ പറ്റുന്ന ഒരുരേഖാചിത്രം മതി.

വരച്ചവ പരസ്പരം കാണൂ.മെച്ചപ്പെടുത്തൂ. പ്രതലത്തിൽ എവിടെ രൂപംവരുമ്പോഴാണ് നല്ല ചിത്രമാകുന്നത് എന്ന് നോക്കണേ.പശ്ചാത്തലത്തിൽ അനുയോജ്യമായ രൂപങ്ങൾ,നിറങ്ങൾ ഉചിതമായ സ്ഥലങ്ങളിൽ വന്നാൽ ചിത്രത്തിന്റെ കോമ്പോസിഷൻ മികച്ചതായി മാറും.
ഡ്രോയിംഗ് തൃപ്തിയായാൽ അതിനെ പെയിന്റിംഗ് ആക്കി മാറ്റൂ.പ്രദർശനം, ചർച്ച, വിലയിരുത്തൽ എന്നിവ നടത്താൻ മറക്കരുത്.




## നീളൻ പേപ്പറിൽ സംഘചിത്രം

ഒരു ബഞ്ചിലിരിക്കുന്നവർ ചേർന്ന്  ഒരു ഡസ്കിന്റെ നീളത്തിൽ ചാർട്ട് പേപ്പർ ഒട്ടിച്ചുചേർക്കുന്നു. ആ ബഞ്ചിൽ ഇരിക്കുന്നവർ ആവശ്യമായസ്ഥലം വിഭജിച്ച് എടുക്കണം. നേരത്തെ വരച്ച ചിത്രങ്ങളും റഫറൻസിനായി കണ്ട ചിത്രങ്ങളും ഉൾക്കൊണ്ട് സ്വപ്നത്തിന് പുതിയരൂപം നൽകൂ. കറുപ്പുനിറം ഉപയോഗിച്ച് വരയ്ക്കൂ. വരച്ചതിന് ചുവട്ടിൽ പേരെഴുതണം. ഇനി ഇത് ചുവരിൽ ക്ലിപ്പ് ചെയ്തു മാറിനിന്നു നോക്കൂ !. ചിത്രം വിലയിരുത്തൂ.
ഓരോ ഗ്രൂപ്പും അവരവരുടെ ചിത്രവും മറ്റു ഗ്രൂപ്പുകാരുടെ ചിത്രവും വിലയിരുത്തണം.
വിലയിരുത്തൽ അവതരിപ്പിക്കുന്നു. ചർച്ച ചെയ്യുന്നു.

### സംഘചിത്രം വരച്ചപ്പോഴുണ്ടായ അനുഭവം ഇവിടെ എഴുതൂ

- 
- 
- 
- 

പേപ്പറിൽ വരയ്ക്കുന്നതിനുമുൻപ് പുസ്തകത്തിൽ രൂപങ്ങൾ കോറി നോക്കി ധൈര്യംകൂട്ടാം. പേപ്പറിൽ നേരിട്ട് ബ്രഷുകൊണ്ട് വരയ്ക്കൂ. വരയ്ക്കാൻ ബ്രഷ് തന്നെ വേണമെന്നില്ല വിരലുകൾ, അറ്റം ചതച്ച കമ്പുകൾ... എന്തും ആവാം.







grafitty art kmgvhss.tavanur



## എഴുതാം വരയ്ക്കാം പ്രതിഷേധിക്കാം
## ഗ്രാഫിറ്റിആർട്ട്

തങ്ങളുടെ ആശയങ്ങൾ, പ്രതിഷേധങ്ങൾ സർവജനവുമായി പങ്കുവെക്കാൻ പ്രയോജനപ്പെടുത്തുന്ന ചിത്രകലാ സങ്കേതമാണ് ഗ്രാഫിറ്റിആർട്ട്. കൂറ്റൻ ചുമരിൽപോലും വരച്ചുവെക്കുന്ന ഇവയിൽ കൂറ്റൻ ചിത്രങ്ങളും എഴുത്തുകളും വരെയുണ്ട്. സ്കൂളിലെ ചുമരിൽ നമുക്കും ഗ്രാഫിറ്റി ചെയ്യാം.






വിവിധ സ്ഥലങ്ങളിൽ ചെയ്യപ്പെട്ടിട്ടുള്ള ഗ്രാഫിറ്റിആർട്ടിന്റെ ചിത്രങ്ങൾ ടീച്ചറുടെ സഹായത്തോടെ കാണണേ. ഗ്രൂപ്പായി ഇരുന്ന് ആശയം കണ്ടെത്തൂ. രൂപരേഖ തയാറാക്കൂ. നിശ്ചയിക്കപ്പെട്ട സ്ഥലത്ത് എമൽഷനോ മറ്റോ ഉപയോഗിച്ച് ഗ്രാഫിറ്റി ചെയ്യൂ. നിറം ശേഖരിക്കാൻ ടീച്ചറുടെ സഹായം തേടണം. ഓരോരുത്തരുടെയും ഗ്രാഫിറ്റി ചിത്രങ്ങൾ വിലയിരുത്തൂ. നിങ്ങളുടെ ചിത്രവും വിലയിരുത്തണം . വിലയിരുത്തൽ കുറിപ്പ് അവതരിപ്പിക്കണേ.

ചിത്രം ചെയ്തപ്പോൾ എന്തു തോന്നി ഇവിടെ കുറിക്കൂ.

............................................................................................................................................................
....

## പറക്കുന്നരൂപങ്ങൾ

പാഴ്‌വസ്തുക്കൾ ഉപയോഗിച്ച് പറക്കുന്ന ചില രൂപങ്ങൾ ചെയ്യാം. എന്തെല്ലാം വസ്തുക്കൾ ഇതിനായി ശേഖരിക്കാം?.എന്തെല്ലാം രൂപങ്ങൾ ഉണ്ടാക്കാം?, എന്തുകൊണ്ടെല്ലാം ഉണ്ടാക്കാം?.

എഴുതി നോക്കൂ.


- 
- 
- 
- 
- 
- 





രൂപങ്ങൾ വൈവിധ്യമുള്ളവയാവാൻ ശ്രദ്ധിക്കണം.വിവിധ ആകൃതിയിലും വലിപ്പത്തിലും ഒക്കെ ഉണ്ടാക്കാൻ ശ്രദ്ധിക്കണേ. ഉണ്ടാക്കിയ രൂപങ്ങൾ ടീച്ചറുടെ സഹായത്തോടെ സ്കൂളിലെ പ്രത്യേക ഇടത്തിൽ തൂക്കിയിട്ടോ മറ്റോ ക്രമീകരിക്കൂ. ഇങ്ങനെ ക്രമീകരിക്കുമ്പോൾ എല്ലാം ചേർന്ന് വേറെഏതെങ്കിലും ഒരു ആശയത്തെ വെളിപ്പെടുത്തുന്നുണ്ടോ?,ശ്രദ്ധിക്കൂ. ഇൻസ്റ്റലേഷൻ ( പ്രതിഷ്ഠാപനം) എന്ന സങ്കേതത്തിന്റെ ഒരുചെറുപതിപ്പാണ് ഇത്.





I and the Village -1911
Oil on canvas

സ്വപ്നാത്മക രചനകളുടെ സ്രഷ്ടാവായ മാർക് ഷഗാൾ 1887 ജൂലൈ 6ന് റഷ്യയിലെ പീറ്റേബസ്കിനടുത്തുള്ള ലിയോസ്നയിലെ ജൂത കുടുംബത്തിലാണ് ജനിച്ചത്. ഇക്കാലത്ത് റഷ്യയിൽ ജൂതകുട്ടികളെ മറ്റ് കുട്ടികളോടൊപ്പം സ്കൂളുകളിലും യൂണിവേഴ്സിറ്റികളിലും പഠിക്കാൻ അനുവദിച്ചിരുന്നില്ല. ജൂതന്മാർക്ക് പട്ടണത്തിൽ യാത്രചെയ്യുന്നതിന് പോലും നിയന്ത്രണങ്ങൾ ഉണ്ടായിരുന്നു. കലയുമായി ഒട്ടും ആഭിമുഖ്യമില്ലാത്ത കുടുംബമായിരുന്നു ഷഗാലിന്റേത്. കലാപഠനത്തിലേക്ക് കടക്കുന്നതിനുള്ളഉപായം പറഞ്ഞു കൊടുത്തത് അദ്ദേഹത്തിന്റെ കൂടെ പഠിച്ചിരുന്ന സുഹൃത്തായിരുന്നു. പിന്നീട് ഡ്രോയിംഗ് സ്കൂളിൽ ചേർന്നെങ്കിലും അവിടുത്തെ പഠനരീതി അദ്ദേഹത്തിന്റെ സ്വപ്നങ്ങൾക്ക് യോജിച്ചതായിരുന്നില്ല.



1910ൽ പാരീസിലെത്തിയ ഇദ്ദേഹം വിവിധ രചനാരീതികൾ പരിചയപ്പെടുകയും തന്റെ രചനാരീതി മെച്ചപ്പെടുത്തുകയും ചെയ്തു. ക്യൂബിസം, ഫോവിസം, സിംബോളിസം എന്നീ വിഖ്യാത ശൈലികൾ അടുത്ത് പരിചയപ്പെട്ട ഇദ്ദേഹം തന്റെ തനതായരചനാശൈലി രൂപപ്പെടുത്തി.പെയിന്റിംഗ് , ബുക് ഇല്ലസ്ട്രേഷൻ , സ്റ്റെയിന്റ് ഗ്ലാസ്പെയിന്റിംഗ്,സ്റ്റേജ്സെറ്റ്- പാശ്ചാത്തലചിത്രം, സെറാമിക് തുടങ്ങി വിവിധ മാധ്യമങ്ങളിൽ രചന നടത്തി.തന്റെ ഗ്രാമത്തിന്റെ വിശുദ്ധിയാണ് ഷഗാളിന്റെ ചിത്രങ്ങളിൽ നിറഞ്ഞു നിൽക്കുന്നത്.തന്റെ ചിത്രങ്ങളുടെ സ്വപ്നാത്മകത ഒരു വ്യക്തിയുടേതല്ല മുഴുവൻ മാനവരാശിയുടേതുമാണെന്ന് പ്രഖ്യാപിച്ച ഈ പ്രതിഭ 1985 മാർച്ച് 28ന് അന്തരിച്ചു. ഐ ആന്റ് ദവില്ലേജ്,ദവെഡ്ഡിംഗ്, യംഗ്വുമൺ ഓൺഎ സോഫ,തുടങ്ങിയവയാണ് പ്രധാനചിത്രങ്ങൾ.

മാർക് ഷഗാൾ

marc chagall



1887-1985

russia



Marc Chagall -The Green Donkey-Gouache on board-1911



the duchess of alba. painted in 1797

# ഫ്രാൻസിസ്കോ ഗോയ



FRANCISCO GOYA

1746-1828

SPAIN

1746 ൽ ഉത്തര സ്പെയിനിലെ ഒരു കൊച്ചുഗ്രാമത്തിൽ ഗോയ ജനിച്ചു. സ്പെയിൻ ജനതയുടെ ജീവിതപീഡനങ്ങളെ തന്റെ രചനകളിലൂടെ ശക്തമായി പ്രതിഫലിപ്പിക്കാൻ ഗോയയ്ക്ക് കഴിഞ്ഞു. 1808ൽ ഫ്രഞ്ചുകാർ സ്പെയിൻ ആക്രമിച്ചു. നെപ്പോളിയന്റെ പട്ടാളക്കാർ നിരപരാധികളായ സ്പെയിൻകാരെ കൂട്ടക്കുരുതി ചെയ്യുന്ന രംഗം വികാരനിർഭരമായി ചിത്രീകരിച്ച ദ തേർഡ് ഓഫ് മെയ് 1808 ഇൻ മാഡ്രിഡ് , ഗോയയുടെ മാസ്റ്റർപീസാണ്. 1828ൽ ഗോയ അന്തരിച്ചു.ദ തേർഡ് ഓഫ് മെയ്- 1808,ദ സാറ്റൺ ഡിവോറിങ്ങ് ഹിസ് സൺ, ദ ഡിസാസ്റ്റേഴ്സ് ഓഫ് വാർ എന്നിവ പ്രധാനചിത്രങ്ങളാണ്.

the third of may 1808



## ബാങ്ക്സി

BANKSY




1974
ENGLAND

ഇംഗ്ലണ്ട് ആസ്ഥാനമായി ലോകത്തിന്റെ ഏതുഭാഗത്തും ഗ്രാഫിറ്റി എന്ന കലാസങ്കേതത്തിലൂടെ രാഷ്ട്രീയം, ഫലിതരൂപത്തിൽ പ്രചരിപ്പിക്കുന്ന ആക്ടിവിസ്റ്റാണ് ബാങ്ക്സി. തന്റെ വ്യക്തിപരമായ വിവരങ്ങൾ വെളിപ്പെടുത്താതെ ബാങ്ക്സി എന്ന പേരിനുള്ളിൽ ഒളിഞ്ഞിരിക്കുന്ന അജ്ഞാതകലാകാരനാണ്.
1974 ൽ ഇംഗ്ലണ്ടിലാണ് ഇദ്ദേഹം ജനിച്ചത് എന്ന് കരുതപ്പെടുന്നു. മാസീവ് അറ്റാക്ക് എന്ന മ്യൂസിക്കൽ ക്ലബ്ബിന്റെ തുടക്കക്കാരൻ കൂടിയാണ് ബാങ്ക്സി. തെരുവുകൾ, മതിലുകൾ, കെട്ടിടസമുച്ചയങ്ങൾ, പാലങ്ങൾ എന്നിവിടങ്ങളിൽ ബാങ്സിയുടെ ഗ്രാഫിറ്റി ചിത്രങ്ങൾ പ്രത്യക്ഷപ്പെടാറുണ്ട് .
അതതു പ്രദേശത്തെ ചിത്രകാരന്മാരെയും സംഗീതജ്ഞരെയും കൂട്ടി ഒരുഇടിമിന്നൽ പോലെ പ്രത്യക്ഷപ്പെട്ട് സ്റ്റെൻസിലുകളും സ്പ്രേപെയിന്റുകളും ഉപയോഗിച്ച് രാഷ്ട്രീയ ആക്ഷേപഹാസ്യത്തിന്റെ ബൃഹത്തായ പെയിന്റിങ്ങുകൾ നിമിഷങ്ങൾ കൊണ്ട് തീർത്ത് അപ്രത്യക്ഷനാവുക എന്നതാണ് ബാങ്ക്സിയുടെ രീതി.
ഗ്രാഫിറ്റി ചിത്രകലാരീതിയുടെ ആഗോള പ്രചാരകനാണ് ബാങ്ക്സി.



# വിലയിരുത്തൽ പേജ്

| ക്രമ നമ്പർ | പേര് | സ്കോർ |
|---|---|---|
| 1 | | |
| 2 | | |
| 3 | | |
| 4 | | |
| 5 | | |
| 6 | | |
| 7 | | |
| 8 | | |
| 9 | | |
| 10 | | |
| 11 | | |
| 12 | | |
| 13 | | |
| 14 | | |
| 15 | | |
| 16 | | |
| 17 | | |
| 18 | | |
| 19 | | |
| 20 | | |
| 21 | | |
| 22 | | |
| 23 | | |
| 24 | | |
| 25 | | |
| 26 | | |
| 27 | | |
| 28 | | |
| 29 | | |
| 30 | | |
| 31 | | |
| 32 | | |

| ക്രമ നമ്പർ | പേര് | സ്കോർ |
|---|---|---|
| 33 | | |
| 34 | | |
| 35 | | |
| 36 | | |
| 37 | | |
| 38 | | |
| 39 | | |
| 40 | | |
| 41 | | |
| 42 | | |
| 43 | | |
| 44 | | |
| 45 | | |
| 46 | | |
| 47 | | |
| 48 | | |
| 49 | | |
| 50 | | |
| 51 | | |
| 52 | | |
| 53 | | |
| 54 | | |
| 55 | | |
| 56 | | |
| 57 | | |
| 58 | | |
| 59 | | |
| 60 | | |
| 61 | | |
| 62 | | |
| 63 | | |
| 64 | | |

| | എന്റെ പേര് | എനിക്ക് ഞാൻ നൽകിയ സ്കോർ | ടീച്ചർ നൽകിയ സ്കോർ |
|---|---|---|---|
| | | | |

ഈ യൂണിറ്റിൽ നിന്ന് ഞാൻ പഠിച്ചത് :...............................................................................................................................


.........................................................................................................................................................................

*ശ്രദ്ധിക്കുക - ടീച്ചറുടെ നിർദേശപ്രകാരം യൂണിറ്റിലെ മികച്ച ഒരു പ്രവർത്തനം വിലയിരുത്തണം.*

യൂണിറ്റ് 3

# വിയർപ്പിന്റെ വെൺ മുത്തുകൾ

വെയിൽ ചാഞ്ഞിറങ്ങാൻ തുടങ്ങുന്ന വൈകുന്നേരത്താണ് ഞങ്ങളുടെ വിനോദയാത്രാസംഘം ചെന്നൈയിലെ മെറീനബീച്ചിലെത്തിയത്.നിഹാരിക, നീ ഇത് കണ്ടോ. രാജി ടീച്ചറാണ് എനിക്ക് കഠിനമായി ജോലി ചെയ്യുന്ന കറുത്തമനുഷ്യരുടെ ആശില്പം കാണിച്ചുതന്നത്.
വൈകുന്നേരത്തെ വെയിലിൽ അതിന് വല്ലാത്തൊരു ഭംഗിയുണ്ടായിരുന്നു.
ഞാനും ടീച്ചറും ആശില്പത്തിന് അടുത്തുനിന്ന് സെൽഫിയെടുത്ത് മറീന ബീച്ചിന്റെ സായാഹ്ന സൗന്ദര്യത്തിലേക്ക് ഇറങ്ങി.



# വിയർപ്പിന്റെവില

നമ്മൾ കഴിക്കുന്ന ഭക്ഷണംമുതൽ നാം ഉപയോഗിക്കുന്ന ഓരോ വസ്തുവിന്റെയും പിന്നിൽതൂകിയ വിയർപ്പിനെകുറിച്ച് എന്നെങ്കിലും നമ്മൾ ആലോചിച്ചിട്ടുണ്ടോ?. വെയിലും മഴയും കൂസാതെ പാടത്തും പറമ്പിലും അങ്ങാടിയിലും പണിയെടുക്കുന്നവർ, ഫാക്ടറികളിലെ തിളച്ചുമറിയുന്ന ചൂടിനു മുമ്പിൽ.., കലിതുള്ളുന്ന കടലിൽ... കഠിനമായി പണിയുന്നവരുടെ പട്ടിക നീളുകയാണ്.
നമുക്കും അധ്വാനം വിഷയമാക്കി ഒരു ശില്പം ചെയ്താലോ ?

*പേപ്പർ, കളിമണ്ണ്, പാഴ്വസ്തുക്കൾ, പശ,സിമൻറ് മിശ്രിതം, എന്നിങ്ങനെ മറ്റെന്തെല്ലാം കൊണ്ട് ശില്പം നിർമ്മിക്കാം. എഴുതി നോക്കൂ.*

ശില്പം ചെയ്യാൻ രൂപത്തിന്റെ എല്ലാ വശത്തുനിന്നുമുള്ളകാഴ്ച പഠിക്കേണ്ടതുണ്ട്. അത്തരം സ്കെച്ചുകൾ തയാറാക്കുന്നത് കൂടുതൽ നന്നായിരിക്കും.

ഈ ശില്പം ശ്രദ്ധയോടെ നിരീക്ഷിക്കൂ. ഓരോരുത്തരും അവരവർക്ക് ചെയ്യാൻകഴിയുന്ന അധ്വാനവുമായി ബന്ധപ്പെട്ട ശില്പത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള സ്കെച്ചുകൾ വരയ്ക്കൂ. ശില്പം തയാറാക്കൂ. ഒരു ദിവസം കൊണ്ട് തീർക്കാനാവില്ല ടീച്ചറുമായി ചർച്ച ചെയ്ത് പ്രവർത്തനക്രമം നിശ്ചയിക്കൂ.





ശില്പങ്ങൾ ചെറുതോ വലുതോ ആവട്ടെ. ഉചിതമായ രീതിയിൽ പ്രദർശിപ്പിക്കൂ. ചർച്ചനടത്തൂ. മേന്മകൾ, പ്രശ്നങ്ങൾ, മാധ്യമം,... എല്ലാം ചർച്ചയിൽ വരണം. വിലയിരുത്തി സ്കോർ നൽകൂ.

diet malappuram



# സ്കൂളിൽ ഒരു ശില്പോദ്യാനം

ശില്പങ്ങൾ ചെയ്യാൻ ചെറിയ ധാരണയായല്ലോ., വിവിധ തരത്തിലും വലിപ്പത്തിലും നമ്മൾ ചെയ്യുന്ന ശില്പങ്ങൾ സ്കൂളിലെ പ്രത്യേകസ്ഥലത്ത് ഒരുക്കിവെച്ച് ശില്പോദ്യാനം ഉണ്ടാക്കൂ. എല്ലാക്ലാസുകാരും ചേർന്ന് ആപ്രദേശത്തുള്ളവരെയും രക്ഷിതാക്കളെയും എല്ലാം ഒപ്പംനിർത്തി വലിയശില്പം ചെയ്യാനുള്ള സാധ്യത ആരായൂ,നടപ്പിലാക്കൂ.



ഉപേക്ഷിക്കപ്പെട്ട വാഹനങ്ങൾ,
സ്കൂളിൽ ലഭ്യമായ പഴയവസ്തുക്കൾ,
പഴയ യന്ത്രഭാഗങ്ങൾ, പഴയപാത്രങ്ങൾ...
എന്തും ശില്പനിർമാണത്തിന് ഉപയോഗിക്കാം.
മൂർത്തമോ അമൂർത്തമോ ആയ ശില്പം ചെയ്യാം.




diet malappuram

diet malappuram

# ഹെൻറി മൂർ

HENRY MOORE



1898 -1986

ENGLAND


അമൂർത്ത ശില്പങ്ങളിലൂടെ ലോക പ്രശസ്തനായ ഇംഗ്ലീഷ് ശില്പിയാണ് ഹെന്റി മൂർ. 1898 ജൂലൈ 30ന് ഇംഗ്ലണ്ടിലെ കാസിൽ ഫോഡിൽ ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം ലണ്ടനിലെ ലീഡ് സ്കൂൾ ഓഫ് ആർട്സിൽ ശില്പകല പഠിച്ചു. ശില്പ രചനയിലെ ആധുനിക പ്രവണതകൾ ഹെൻറി മൂർ മനസ്സിലാക്കിയത് ഇവിടെ വെച്ചായിരുന്നു. കല്ലിലും വെങ്കലത്തിലും ചെയ്ത കൂറ്റൻ  ശില്പങ്ങൾ ഹെൻറി മൂറിന്റെ രചനാരീതിയുടെ സവിശേഷതയാണ്. ശില്പരചനയ്ക്കായി ഒട്ടേറെ ചിത്രങ്ങളും അദ്ദേഹം വരച്ചിട്ടുണ്ട്.1986 ആഗസ്ത് 31ന് തന്റെ 88 ാമത്തെ വയസ്സിൽ ഹെൻറി മൂർ അന്തരിച്ചു. റിക്ലൈനിങ്ങ് ഫിഗേഴ്സ്, ഫേമിലി ഗ്രൂപ്പ്, ത്രീ വേ പീസ്, ഡബിൾ ഓവൽ എന്നിവ ഹെന്റി മൂറിന്റെ പ്രശസ്ത ശില്പങ്ങളാണ്.





## ആഗസ്റ്റേ റോഡിൻ


AUGUSTE RODIN



1840-1917

FRANCE

ആധുനിക ശില്പകലയുടെ പിതാവ് എന്നറിയപ്പെടുന്ന ആഗസ്റ്റേ റോഡിൻ 1840 ൽ ഫ്രാൻസിലെ നോർമാൻഡിയിൽ ജനിച്ചു. ലളിതവും അതെ സമയം ശക്തവുമായിരുന്നു റോഡിൻ ശില്പങ്ങൾ. പ്രതലത്തിൽ നിന്നും ഉരുത്തിരിഞ്ഞുവരുന്ന രൂപങ്ങളിൽ, പരുക്കനായതും, മിനുസമേറിയതുമായ പ്രതലവിന്യാസം ഇവയുടെ സവിശേഷതയാണ്. മികച്ച ഒരു ചിത്രകാരൻ കൂടിയായിരുന്നു റോഡിൻ. വിശ്വപ്രസിദ്ധ എഴുത്തുകാരൻ ഖലീൽ ജിബ്രാൻ റോഡിന്റെ കീഴിൽ ചിത്രകല അഭ്യസിച്ചിരുന്നു. ദ തിങ്കർ, ദ ഗെയ്റ്റ് ഓഫ് ഹെൽ എന്നിവ പ്രസിദ്ധസൃഷ്ടികളാണ്. 1917 ൽ ഇദ്ദേഹം അന്തരിച്ചു.



## എസ് നന്ദഗോപാൽ

S.NANDAGOPAL



കേരളം

1946 - 2017

1946 ൽ ബാംഗ്ലൂരിലാണ് നന്ദഗോപാൽ ജനിച്ചത് . പ്രശസ്ത ചിത്രകാരൻ  കെ. സി.എസ്. പണിക്കർ ആണ് നന്ദഗോപാലിന്റെ അച്ഛൻ. ലോകത്തിലെ പല സ്ഥലങ്ങളിലെ പൊതു ഇടങ്ങളിലും സ്വകാര്യ വ്യക്തികളുടെ ശേഖരത്തിലും നന്ദഗോപാലിന്റെ സൃഷ്ടികൾ ഉണ്ട്.എന്നാൽ അദ്ദേഹത്തിൻറെ ശില്പങ്ങളുടെ വിപുലമായ ശേഖരം ഉള്ളത് സിംഗപ്പൂർ ആർട്ട് മ്യൂസിയത്തിലാണ്. ലോഹ മാധ്യമത്തിൽ ആണ് നന്ദഗോപാൽ കൂടുതലും ശില്പങ്ങൾ നിർമിച്ചിരിക്കുന്നത്. 1970-  78 കാലങ്ങളിൽ കേന്ദ്ര ലളിതകലാ അക്കാദമി അവാർഡ്, 2002 ൽ ജിണ്ടാൽ സ്റ്റെയ്ൻലസ് സ്റ്റീൽ അവാർഡ് അടക്കം നിരവധി പുരസ്കാരങ്ങൾ ഇദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. 2017ൽ തന്റെ എഴുപത്തിയൊന്നാം വയസ്സിൽ കലാഗ്രാമമായ ചോളമണ്ഡലത്തിൽ വെച്ച് ഹൃദയാഘാതത്തെ തുടർന്ന് ആപ്രതിഭാജീവിതം അവസാനിച്ചു.



# വിലയിരുത്തൽ പേജ്

| ക്രമ നമ്പർ | പേര് | സ്കോർ |
|---|---|---|
| 1 | | |
| 2 | | |
| 3 | | |
| 4 | | |
| 5 | | |
| 6 | | |
| 7 | | |
| 8 | | |
| 9 | | |
| 10 | | |
| 11 | | |
| 12 | | |
| 13 | | |
| 14 | | |
| 15 | | |
| 16 | | |
| 17 | | |
| 18 | | |
| 19 | | |
| 20 | | |
| 21 | | |
| 22 | | |
| 23 | | |
| 24 | | |
| 25 | | |
| 26 | | |
| 27 | | |
| 28 | | |
| 29 | | |
| 30 | | |
| 31 | | |
| 32 | | |

| ക്രമ നമ്പർ | പേര് | സ്കോർ |
|---|---|---|
| 33 | | |
| 34 | | |
| 35 | | |
| 36 | | |
| 37 | | |
| 38 | | |
| 39 | | |
| 40 | | |
| 41 | | |
| 42 | | |
| 43 | | |
| 44 | | |
| 45 | | |
| 46 | | |
| 47 | | |
| 48 | | |
| 49 | | |
| 50 | | |
| 51 | | |
| 52 | | |
| 53 | | |
| 54 | | |
| 55 | | |
| 56 | | |
| 57 | | |
| 58 | | |
| 59 | | |
| 60 | | |
| 61 | | |
| 62 | | |
| 63 | | |
| 64 | | |

| | എന്റെ പേര് | എനിക്ക് ഞാൻ നൽകിയ സ്കോർ | ടീച്ചർ നൽകിയ സ്കോർ |
|---|---|---|---|
| | | | |

ഈ യൂണിറ്റിൽ നിന്ന് ഞാൻ പഠിച്ചത് :..........................................................................................................................

..........................................................................................................................................................................

*ശ്രദ്ധിക്കുക - ടീച്ചറുടെ നിർദേശപ്രകാരം യൂണിറ്റിലെ മികച്ച ഒരു പ്രവർത്തനം വിലയിരുത്തണം.*

# സംഗീതം



children's concert by george lakovidis music



യൂണിറ്റ് 1

## ഒന്നിച്ച് പാടാം

# ഒന്നായിപാടാം

മിനി ടീച്ചർ ക്ലാസിലേക്ക് കടന്നുവന്നപ്പോൾ കുട്ടികൾ പല ഗ്രൂപ്പുകളായി നിന്ന് വലിയ ശബ്ദത്തിൽ പാട്ട് പ്രാക്ടീസ് ചെയ്യുന്നു. ഓണപ്പാട്ടുകളാണ് എല്ലാ ഗ്രൂപ്പും പാടുന്നത്. അപ്പോഴാണ് ടീച്ചർ ഓർത്തത്, ഇന്ന് ഓണാഘോഷത്തിന് പാട്ടുപാടാനുള്ള ഗ്രൂപ്പിനെ തിരഞ്ഞെടുക്കുമെന്ന് പറഞ്ഞദിവസമാണല്ലോ? എല്ലാവരും തയാറല്ലേ? ഓരോ ഗ്രൂപ്പും പാടുമ്പോൾ മറ്റ് ഗ്രൂപ്പുകൾ വിലയിരുത്തുമല്ലോ.

ഓരോ ഗ്രൂപ്പും പ്രാക്ടീസ് ചെയ്ത് പാട്ട് ക്ലാസിൽ അവതരിപ്പിക്കുന്നു. മറ്റു ഗ്രൂപ്പിലെ അംഗങ്ങൾ വിലയിരുത്തണേ.

തുടർന്ന് ഓരോ ഗ്രൂപ്പും അഭിപ്രായം പറയുന്നു.വീണയുടെ ഗ്രൂപ്പിലെ ചിലരുടെ ശബ്ദം വളരെ ഉച്ചത്തിലായി.രാഹുലിന്റെ ഗ്രൂപ്പിലെ ചിലർ പാടിയത് കേൾക്കാൻ സാധിച്ചില്ല.ഇങ്ങനെ പല അഭിപ്രായങ്ങൾ...

*സംഘമായി പാടുന്ന ഒരു ഓണപ്പാട്ടിന്റെ വീഡിയോ എല്ലാവരും ചേർന്നു കണ്ടു നോക്കൂ ...*

ഇതിൽ എല്ലാവരുടെയും ശബ്ദം ഒരു പോലെ കൃത്യമായി കേൾക്കാൻ സാധിക്കുന്നുണ്ടല്ലോ? അതിന്റെ കാരണങ്ങൾ എന്താണെന്ന് ഓരോ ഗ്രൂപ്പും ചർച്ച ചെയ്തു നോക്കൂ .

പ്രധാന പോയിന്റുകൾ താഴെ കുറിക്കുമല്ലോ

ഓരോ ഗ്രൂപ്പിലെ കുട്ടികളെയും ഇടകലർത്തി വീണ്ടും പുതിയ ഗ്രൂപ്പുകളാക്കി ആദ്യം പാടിയ ഓണപ്പാട്ട് ഒന്നുകൂടി പാടിനോക്കാം.

ആദ്യത്തെ പാട്ടിലും ഇപ്പോഴത്തെ പാട്ടിലും ഉണ്ടായ പ്രധാന വ്യത്യാസങ്ങൾ ഇവിടെ കുറിക്കണേ ..

അപ്പോൾ മാളു എഴുന്നേറ്റ് പറഞ്ഞു. ടീച്ചർ ഓരോ ഗ്രൂപ്പിലും പാടിയവരുടെ ശ്രുതി വ്യത്യസ്തമായതു കൊണ്ടല്ലേ ആദ്യം അവർ പാടിയത് ഒരുപോലെ കേൾക്കാൻ സാധിക്കാതെ വന്നത്?

പാടുന്ന വ്യക്തിയുടെ ശബ്ദത്തിന്റെ പ്രത്യേകതയനുസരിച്ച് പാടാൻ തിരഞ്ഞെടുക്കുന്ന അടിസ്ഥാന നാദമാണ് ശ്രുതി.

ഓരോരുത്തരുടെയും ശബ്ദം, ഒരു ശ്രുതിയിൽ എകീകരി മ്പോഴാണ് സംഘമായ ആലാപനത്തിന് ഭംഗി വർധിക്കുന്നത്. ഒപ്പം എല്ലാവരും ഒരേ താളത്തിലും ഈണത്തിലും ഭാവത്തിലും പാടുകയും വേണം.


b.-prabha-untitled-girl playing a sitar

സമയദൈർഘ്യത്തെ കൃത്യമായും ക്രമമായും കണക്കാക്കുവാൻ ഉപയോഗിക്കുന്ന പ്രവൃത്തി വിശേഷമാണ് താളം.

ഹാർമണി എന്ന വാക്ക് നിങ്ങൾ കേട്ടിട്ടുണ്ടോ? പാശ്ചാത്യസംഗീതത്തിലെ മിക്ക സംഗീത രൂപങ്ങളുടെയും പ്രധാന സവിശേഷതയാണ് ഹാർമണി. നമ്മുടെ സംഘഗാനങ്ങളുടെ ചില ഭാഗങ്ങളിൽ പാർട്സ് എന്ന രൂപത്തിൽ പാടുന്നത് ഈ സവിശേഷതയാണ്. ഈ പ്രയോഗം വരുന്ന സംഘഗാനത്തിലെ ഒരു ഭാഗം കേട്ട് നോക്കാം.

ഇപ്പോൾ സംഘമായി ഗാനങ്ങൾ ആലപിക്കാൻ അംഗങ്ങളെ തെരഞ്ഞെടുക്കേണ്ട രീതിയും ശ്രദ്ധിക്കേണ്ട കാര്യങ്ങളും നിങ്ങൾക്ക് മനസ്സിലായിക്കാണുമല്ലോ? പ്രധാന പോയിന്റുകൾ താഴെ കുറിക്കണേ.

ഒന്നിൽ കൂടുതൽ സ്വരങ്ങളെ ഒരേസമയം പ്രയോഗിക്കുമ്പോൾ ഉണ്ടാകുന്ന സ്വരച്ചേർച്ചയാണ് ഹാർമണി.

ഇപ്പോൾ സംഘമായി ഗാനങ്ങൾ ആലപിക്കാൻ അംഗങ്ങളെ തെരഞ്ഞെടുക്കേണ്ട രീതിയും ശ്രദ്ധിക്കേണ്ട കാര്യങ്ങളും നിങ്ങൾക്ക് മനസ്സിലായി ക്കാണുമല്ലോ? പ്രധാന പോയിന്റുകൾ താഴെ കുറിക്കണേ.

- 
- 
- 
- 
- 
- 
- 

ഇതുപോലെ സംഘമായി ആലാപനം നടത്താൻ അനുയോജ്യമായ പാട്ടുകൾ നമ്മൾ കേട്ടിട്ടില്ലേ? അവയുടെ ഒരു ചാർട്ട് താഴെ തയാറാക്കി നോക്കൂ

കണ്ടെടുത്ത ഗാനങ്ങൾ നാലു ഗ്രൂപ്പായി തിരിഞ്ഞ് ആലപിച്ചു നോക്കൂ .
ഓരോ ഗ്രൂപ്പിനും ലഭിച്ച സ്കോർ താഴെ കോളത്തിൽ കുറിക്കുമല്ലോ?.
ഓരോ ഗ്രൂപ്പിലെയും മേന്മകളും പോരായ്മകളും എഴുതാൻ മറക്കരുതേ.

| | ഗ്രൂപ്പ് 1 | ഗ്രൂപ്പ് 2 | ഗ്രൂപ്പ് 3 | ഗ്രൂപ്പ് 4 |
|---|---|---|---|---|
| സ്കോർ | | | | |
| മേൻമകൾ | | | | |
| പോരായ്മകൾ | | | | |



### നെയ്യാറ്റിൻകര വാസുദേവൻ

കേരളത്തിലെകർണാടകസംഗീതജ്ഞരിൽ വളരെ പ്രസിദ്ധനായ ഗായകനാണ് നെയ്യാറ്റിൻകര വാസുദേവൻ. തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകരയിൽ 1940ൽ ജനിച്ചു. തൃപ്പൂണിത്തുറ ആർ.എൽ.വി. സംഗീത കോളജിൽ അധ്യാപകനായിരുന്ന അദ്ദേഹം പിന്നീട് ആകാശവാണിയിലും സേവനമനുഷ്ഠിച്ചു.
പത്മശ്രീ ശെമ്മാങ്കുടി ശ്രീനിവാസ അയ്യരുടെ ശിഷ്യനായിരുന്നു ഇദ്ദേഹം. പത്മശ്രീ, സംഗീതനാടക അക്കാദമി അവാർഡ് എന്നിവയടക്കം നിരവധി പുരസ്കാരങ്ങൾ ഇദ്ദേഹം നേടിയിട്ടുണ്ട്. മലയാള ചലച്ചിത്ര പിന്നണിഗാനരംഗത്തും സജീവമായിരുന്നു. 2008 ൽ തന്റെ 68ാം വയസ്സിൽ അദ്ദേഹം അന്തരിച്ചു.

# വിലയിരുത്തൽ പേജ്

| ക്രമ നമ്പർ | പേര് | സ്കോർ |
|---|---|---|
| 1 | | |
| 2 | | |
| 3 | | |
| 4 | | |
| 5 | | |
| 6 | | |
| 7 | | |
| 8 | | |
| 9 | | |
| 10 | | |
| 11 | | |
| 12 | | |
| 13 | | |
| 14 | | |
| 15 | | |
| 16 | | |
| 17 | | |
| 18 | | |
| 19 | | |
| 20 | | |
| 21 | | |
| 22 | | |
| 23 | | |
| 24 | | |
| 25 | | |
| 26 | | |
| 27 | | |
| 28 | | |
| 29 | | |
| 30 | | |
| 31 | | |
| 32 | | |

| ക്രമ നമ്പർ | പേര് | സ്കോർ |
|---|---|---|
| 33 | | |
| 34 | | |
| 35 | | |
| 36 | | |
| 37 | | |
| 38 | | |
| 39 | | |
| 40 | | |
| 41 | | |
| 42 | | |
| 43 | | |
| 44 | | |
| 45 | | |
| 46 | | |
| 47 | | |
| 48 | | |
| 49 | | |
| 50 | | |
| 51 | | |
| 52 | | |
| 53 | | |
| 54 | | |
| 55 | | |
| 56 | | |
| 57 | | |
| 58 | | |
| 59 | | |
| 60 | | |
| 61 | | |
| 62 | | |
| 63 | | |
| 64 | | |

| | എന്റെ പേര് | എനിക്ക് ഞാൻ നൽകിയ സ്കോർ | ടീച്ചർ നൽകിയ സ്കോർ |
|---|---|---|---|
| | | | |

ഈ യൂണിറ്റിൽ നിന്ന് ഞാൻ പഠിച്ചത് :......................................................................................................................................

..................................................................................................................................................................................

*ശ്രദ്ധിക്കുക - ടീച്ചറുടെ നിർദേശപ്രകാരം യൂണിറ്റിലെ മികച്ച ഒരു പ്രവർത്തനം വിലയിരുത്തണം.*



വയലിൻ ഇതിഹാസം ബാലഭാസ്കർ

## യൂണിറ്റ് 2
# ഗീതം സംഗീതം ലളിതം മോഹനം


സർഗവേളയിൽ ഇന്ന് ഒരു പാട്ടുപാടാൻ അനാമികയോട് ടീച്ചർ ആവശ്യപ്പെട്ടിരിക്കുകയാണ്.

അനുരാഗത്തിൻ വേളയിൽ
വരവായ് വന്നൊരു സന്ധ്യയിൽ...

വളരെ ശ്രുതിമധുരമായി അവൾ പാടി.കഴിഞ്ഞയാഴ്ച മഞ്ഞൾപ്രസാദവും നെറ്റിയിൽ ചാർത്തി...
എന്ന ഗാനമാണ് അവൾ പാടിയത്.ഈ രണ്ടു പാട്ടും തമ്മിൽ എന്തെങ്കിലും സാമ്യം തോന്നുന്നുണ്ടോ?
അത് ബോക്സിൽ  കുറിക്കാൻ മറക്കില്ലല്ലോ.. അല്ലേ....

മോഹനം എന്ന രാഗത്തിലാണ് രണ്ടു പാട്ടുകളുമെന്ന് ടീച്ചർ പറഞ്ഞു. അടുത്ത ക്ലാസിൽ മോഹനരാഗത്തിൽ ഉള്ള ഒരു ക്ലാസിക്കൽ ഗാനം പാടാൻ ടീച്ചർ അനാമികയോട് പറഞ്ഞിരിക്കുകയാണ്. എന്തെല്ലാം തയാറെടുപ്പുകളാണ് അതിനായി ചെയ്യേണ്ടത്? നമുക്ക് നോക്കാം.സംഗീതത്തിന്റെ ആധാരമായ സപ്ത സ്വരങ്ങളെക്കുറിച്ച് മുൻക്ലാസുകളിൽ നമ്മൾ അറിഞ്ഞിട്ടുണ്ടാവുമല്ലോ?.

എതെല്ലാമാണ് അവയെന്ന് വലതുവശത്തുള്ളപടവുകളിൽ കുറിക്കൂ.



ക്ലാസിലെ ഏറ്റവും പൊക്കം കുറഞ്ഞ കുട്ടിയെയും ഏറ്റവും പൊക്കമുള്ള കുട്ടിയെയും വിളിക്കുക.അതിനിടയിൽ പൊക്കമുള്ള അഞ്ചു പേരോടും പൊക്കത്തിന്റെ അടിസ്ഥാനത്തിൽ വരിവരിയായി നിൽക്കാൻ ആവശ്യപ്പെടാം.ഏഴുപേരും ചേർന്ന് സപ്ത സ്വരങ്ങൾ ഓരോന്നായി പാടി നോക്കാം. അധ്യാപകന്റെ നിർദേശങ്ങൾ ശ്രദ്ധിക്കുമല്ലോ?.
മോഹനരാഗത്തിൽ ഒരു ക്ലാസിക്കൽ ഗാനം പാടാൻ ടീച്ചർ ആവശ്യപ്പെട്ടപ്പോൾ അനാമിക തിരഞ്ഞെടുത്തത് 'വരവീണ മൃദുപാണി...' എന്ന ലളിതമായ ഗീതമാണ്.
എന്തായിരിക്കും അവൾ ഈ ഗാനം തിരഞ്ഞെടുക്കുവാൻ കാരണം?.


Little Drummer Girl original oil study by Jeremy Winborg

## ഗീതം

കർണാടകസംഗീതത്തിലെ ഏറ്റവും ലളിതമായ സംഗീതരൂപമാണ് ഗീതം.സ്വരങ്ങൾക്കൊപ്പം സാഹിത്യവും ഉൾപ്പെടുന്നതാണ് ഗീതങ്ങൾ. വളരെ ലളിതമായി പഠിക്കുവാനും അനായാസേന പാടുവാനും കഴിയുന്നവയാണ് ഗീതങ്ങൾ.

അനാമിക പാടിയ ഈപാട്ട് ക്ലാസിലെ പല കുട്ടികളും കേട്ടിട്ടുണ്ടാവില്ല. മോഹനഗീതത്തിന്റെ ഓഡിയോ ഒന്നു കേട്ടുനോക്കിയാലോ.

കർണാടകസംഗീതത്തിലെ പ്രശസ്തരാഗമായ മോഹനത്തിൽ നിരവധി സിനിമാഗാനങ്ങൾ ചിട്ടപ്പെടുത്തിയിട്ടുണ്ട്.പേരുസൂചിപ്പിക്കുന്ന പോലെ ആരെയും മോഹിപ്പിക്കുന്ന സ്വരങ്ങളും ഈണങ്ങളും ഉള്ള ഒരു രാഗമാണ് മോഹനം.

മോഹനരാഗത്തിൽ ഒട്ടേറെ സിനിമാഗാനങ്ങൾ നമ്മൾ കേട്ടിട്ടുണ്ടാവും.

- ആരെയും ഭാവഗായകനാക്കും...
- മഞ്ഞൾപ്രസാദവും നെറ്റിയിൽ ചാർത്തി...
- കളിവീടുറങ്ങിയല്ലോ കളിവാക്കുറങ്ങിയല്ലോ...

## കണ്ടുപിടിക്കാം

ഈ രാഗത്തിൽ ചിട്ടപ്പെടുത്തിയിട്ടുള്ള മറ്റു ഗാനങ്ങൾ കണ്ടെത്താനാവില്ലേ? പാടി നോക്കൂ. കണ്ടെത്തിയത് താഴെ കുറിക്കൂ.

- 
- 
- 
- 

# ഗീതം

രാഗം: മോഹനം
താളം: രൂപകം
( ഒരടി,ഒരടി, വീശ് )

വരവീണാ മൃദുപാണി
വനരുഹലോചന റാണി
സുരുചിരബം ഭരവേണി
സുരനുത കല്യാണി
നിരുപമ ശുഭഗുണ ലോലാ
നിരത ജയാ പ്രദശീലാ
വരദാപ്രിയ രംഗ നായകി
വാഞ്ഛിത ഫല ദായകി
സരസീജാസന ജനനി
ജയ ജയ ജയ ജയ വാണി



the daughters of catulle mendès_auguste renoir

ഇനി ഇത് ഓരോ വരികളായി പാടി നോക്കാം.ഈണം നന്നായി ശ്രദ്ധിച്ച് അതിൽ ഒരു മാറ്റവും വരാതെ വേണം പാടാൻ.ഈണം ആവർത്തിച്ചുപാടി പരിശീലിക്കണം.നന്നായി പഠിച്ചശേഷം ഗ്രൂപ്പുകളായി തിരിഞ്ഞ് അവതരിപ്പിച്ചു നോക്കാം.
പാടുമ്പോൾ എന്തൊക്കെ കാര്യങ്ങളാണ് ശ്രദ്ധിക്കേണ്ടത് എന്ന് ചുവടെ കുറിക്കൂ.

വേദിയിൽ ഈഗീതം അവതരിപ്പിച്ചു നോക്കൂ.ഓരോ പ്രകടനവും വിലയിരുത്തി ചുവടെ അഭിപ്രായങ്ങൾ രേഖപ്പെടുത്താൻ മറക്കരുതേ.

# വിലയിരുത്തൽ പേജ്

| ക്രമ നമ്പർ | പേര് | സ്കോർ |
|---|---|---|
| 1 | | |
| 2 | | |
| 3 | | |
| 4 | | |
| 5 | | |
| 6 | | |
| 7 | | |
| 8 | | |
| 9 | | |
| 10 | | |
| 11 | | |
| 12 | | |
| 13 | | |
| 14 | | |
| 15 | | |
| 16 | | |
| 17 | | |
| 18 | | |
| 19 | | |
| 20 | | |
| 21 | | |
| 22 | | |
| 23 | | |
| 24 | | |
| 25 | | |
| 26 | | |
| 27 | | |
| 28 | | |
| 29 | | |
| 30 | | |
| 31 | | |
| 32 | | |

| ക്രമ നമ്പർ | പേര് | സ്കോർ |
|---|---|---|
| 33 | | |
| 34 | | |
| 35 | | |
| 36 | | |
| 37 | | |
| 38 | | |
| 39 | | |
| 40 | | |
| 41 | | |
| 42 | | |
| 43 | | |
| 44 | | |
| 45 | | |
| 46 | | |
| 47 | | |
| 48 | | |
| 49 | | |
| 50 | | |
| 51 | | |
| 52 | | |
| 53 | | |
| 54 | | |
| 55 | | |
| 56 | | |
| 57 | | |
| 58 | | |
| 59 | | |
| 60 | | |
| 61 | | |
| 62 | | |
| 63 | | |
| 64 | | |

| | എന്റെ പേര് | എനിക്ക് ഞാൻ നൽകിയ സ്കോർ | ടീച്ചർ നൽകിയ സ്കോർ |
|---|---|---|---|
| | | | |

ഈ യൂണിറ്റിൽ നിന്ന് ഞാൻ പഠിച്ചത് :....................................................................................................................................

.......................................................................................................................................................................................

*ശ്രദ്ധിക്കുക - ടീച്ചറുടെ നിർദേശപ്രകാരം യൂണിറ്റിലെ മികച്ച ഒരു പ്രവർത്തനം വിലയിരുത്തണം.*

# നൃത്തം



paul gauguin - breton girls dancing - detail



photo courtesy-hari sangeet-wikimedia commons

## യൂണിറ്റ് 1

# മുദ്രകളും ചുവടുകളും

ഇടശ്ശേരി ഗോവിന്ദൻ നായരുടെ പൂതപ്പാട്ട് എന്ന കവിതയിലെ ഏതാനും ചില വരികൾ നളിനി ടീച്ചർ ക്ലാസ്സിൽ വളരെ മനോഹരമായി ആലപിച്ചു. കുട്ടികൾക്ക് അത് വളരെ ഇഷ്ടമായി.ഈണവും താളവും ഒത്തിണങ്ങിയ ടീച്ചറുടെ ആലാപനം കേട്ടപ്പോൾ ഈ കവിതയുടെ ഒരു നൃത്താവിഷ് കാരം തയാറാക്കിയാലോ എന്ന് സംഗീത അഭിപ്രായപ്പെട്ടു. നളിനി ടീച്ചർ പാടിയ ആ കവിത നമുക്കൊന്ന് കേൾക്കാം.

ആറ്റിൻവക്കത്തെ മാളികവീട്ടിലിന്നാറ്റു
നോറ്റിട്ടൊരുണ്ണി പിറന്നു .
ഉണ്ണിക്കരയിലെ കിങ്ങിണി പൊന്നുകൊ-
ണ്ടുണ്ണിക്കു കാതിൽക്കുടക്കടുക്കൻ...
പാപ്പ കൊടുക്കുന്നു,പാലു കൊടുക്കുന്നു,
പാവ കൊടുക്കുന്നു നങ്ങേലി
കാച്ചിയ മോരൊഴിച്ചൊപ്പിവടിച്ചിട്ടു
മാനത്തമ്പിളി മാമനെക്കാട്ടീട്ടു
കാക്കേ പൂച്ചേ പാട്ടുകൾ പാടീട്ടു
മാമു കൊടുക്കുന്നു നങ്ങേലി.

നമുക്ക് അഞ്ച് ഗ്രൂപ്പുകളായി തിരിഞ്ഞ് വ്യത്യസ്ത ചുവടുകളും മുദ്രകളും മുഖാഭിനയസാധ്യതകളും പ്രയോജനപ്പെടുത്തി നൃത്തം ചെയ്തു നോക്കാം.ഓരോ ഗ്രൂപ്പും രണ്ടുവരികൾ വീതമെടുത്താൽ മതി. അർഥം അറിഞ്ഞാണ് അവതരിപ്പിക്കേണ്ടത്.

ആറ്റിൻവക്കത്തെ എന്ന് എങ്ങിനെ കാണിക്കാം? പുഴ ഒഴുകുന്നത് പോലെ (രണ്ടു കൈകളുടെയും വിരലുകൾ ചേർത്ത് പിടിച്ച് കൈകൾ ഒന്നിച്ച് ഉയർത്തിയും താഴ്ത്തിയും) കാണിക്കുക. മാളിക വീട് എങ്ങിനെ കാണിക്കും? നമുക്കൊന്ന് നോക്കിയാലോ രണ്ടു കൈകളും വിരലുകൾ ചേർത്ത് പിടിച്ച് വീടിന്റെ ആകൃതിയിൽ കാണിക്കൂ. ബാക്കി വരികളും ഇതുപോലെ ചെയ്തു നോക്കാം.അതിനുശേഷം നിങ്ങൾ താളാത്മകമായി ചുവടു വച്ച് നോക്കുമല്ലോ?.

നൃത്താവിഷ്കാരത്തിന് സഹായകമായ ഏതാനും മുദ്രകളും ചുവടുകളുംവീഡിയോയുടെ സഹായത്തോടെ പരിചയപ്പെടാം.

| | |
|---|---|
| മാളികവീട് : | : വിരലുകൾ എല്ലാം ചേർത്ത് വീടിന്റെ ആകൃതിയിൽ നിവർത്തിപ്പിടിക്കുക. |
| പാട്ടുകൾ,പാടുന്നു,പുഞ്ചിരി | : എല്ലാവിരലുകളും തള്ളവിരലിനോട് അറ്റം ചേർത്ത് പിടിച്ചിട്ട് വിടുക. |
| കിങ്ങിണി കടുക്കൻ | : എല്ലാവിരലുകളും തള്ളവിരലിനോട് അറ്റം ചേർത്ത് പിടിച്ചിട്ട് വിടുക. |
| പാപ്പകൊടുക്കുന്നു | : വിരലുകളെല്ലാം തള്ളവിരലിനോട് അറ്റം ചേർത്ത് പിടിക്കുക. |
| പാലുകൊടുക്കുന്നു | : എല്ലാവിരലുകളും ചുരുട്ടിപ്പിടിച്ച് തള്ളവിരൽ നിവർത്തിപ്പിടിക്കുക. |
| അമ്പിളിമാമനെ കാട്ടുന്നു | : വിരലുകളെല്ലാം ചുരുട്ടിപ്പിടിച്ച് ചൂണ്ടുവിരൽ ഉയർത്തിപ്പിടിക്കുക. |

മേൽസൂചിപ്പിച്ച മുദ്രകൾ മറ്റുകാര്യങ്ങൾക്ക് നിങ്ങളുടെ നിത്യജീവിതത്തിൽ ഉപയോഗിക്കുന്നെങ്കിൽ ബോക്സിൽ കുറിക്കുക.



photo courtesy:suyash dwivedi-wikimedia

**കവിതയ്ക്കായി ഉപയോഗിച്ചമുദ്രകൾ താഴെകൊടുത്തവയിലുണ്ടോ? കണ്ടെത്തൂ.**



പതാക | തൃപതാക | അർധപതാക | കർത്തരിമുഖം | മയൂരം | അർധചന്ദ്രൻ | അരാളം



ശുകതുണ്ഡം | മുഷ്ടി | ശിഖരം | കപിത്തം | കടകാമുഖം | സൂചി | ചന്ദ്രക്കല



പത്മകോശം | സർപ്പശീർഷം | മൃഗശീർഷം | സിംഹമുഖം | കാംഗുലം | അളപത്മം | ചതുരം



ഭ്രമരം | ഹംസാസ്യം | ഹംസപക്ഷം | സംദംശം | മുകുളം | താമ്രചൂഡം | ത്രിശൂലം

ഈ മുദ്രകളിൽ ഏതൊക്കെ നൃത്താവിഷ്കാര സമയത്ത് നിങ്ങൾ ഉപയോഗിച്ചു. ഉപയോഗിച്ചവ മാർക്ക് ചെയ്യൂ.

**നൃത്ത ശില്പത്തിൽ മുദ്രകൾക്ക് എന്ന പോലെ ചുവടുകൾക്കും പ്രാധാന്യമുണ്ട്.**

ആശയവിനിമയം നടത്താൻ കൈകൾ കൊണ്ട് കാണിക്കാവുന്ന അടയാളങ്ങൾക്ക് മുദ്രകൾ എന്ന് പറയുന്നു.



# ഭാരതി ശിവജി

പ്രശസ്ത മോഹിനിയാട്ടം കലാകാരിയും നൃത്താദ്ധ്യാപികയുമാണ് ഭാരതി ശിവജി. മോഹിനിയാട്ടംഅഭ്യസിപ്പിക്കുന്ന ദ സെൻറർ ഫോർ മോഹിനിയാട്ട ത്തിന്റെസ്ഥാപക യാണ്. മോഹിനിയാട്ടം നവീകരിക്കുവാനായി നടത്തിയ ശ്രമങ്ങൾക്ക് 2004 ൽ പത്മശ്രീ നൽകി ആദരിച്ചു. കേന്ദ്ര സംഗീത നാടകഅക്കാദമി പുരസ്കാരം, സാഹിത്യ കലാ പരീക്ഷത്ത് സമ്മാനം, കേരള സർക്കാരിന്റെ നിശാഗന്ധി പുരസ്കാരം ഉൾപ്പെടെ നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. ആർട്ട് ഓഫ് മോഹിനിയാട്ടം , മോഹിനിയാട്ടംഎന്നീ ഗ്രന്ഥങ്ങളുടെ സഹരചയിതാവാണ്.

ഭാരതി ശിവജി

BHARATI SHIVAJI



1948





# വിലയിരുത്തൽ പേജ്

| ക്രമ നമ്പർ | പേര് | സ്കോർ |
|---|---|---|
| 1 | | |
| 2 | | |
| 3 | | |
| 4 | | |
| 5 | | |
| 6 | | |
| 7 | | |
| 8 | | |
| 9 | | |
| 10 | | |
| 11 | | |
| 12 | | |
| 13 | | |
| 14 | | |
| 15 | | |
| 16 | | |
| 17 | | |
| 18 | | |
| 19 | | |
| 20 | | |
| 21 | | |
| 22 | | |
| 23 | | |
| 24 | | |
| 25 | | |
| 26 | | |
| 27 | | |
| 28 | | |
| 29 | | |
| 30 | | |
| 31 | | |
| 32 | | |

| ക്രമ നമ്പർ | പേര് | സ്കോർ |
|---|---|---|
| 33 | | |
| 34 | | |
| 35 | | |
| 36 | | |
| 37 | | |
| 38 | | |
| 39 | | |
| 40 | | |
| 41 | | |
| 42 | | |
| 43 | | |
| 44 | | |
| 45 | | |
| 46 | | |
| 47 | | |
| 48 | | |
| 49 | | |
| 50 | | |
| 51 | | |
| 52 | | |
| 53 | | |
| 54 | | |
| 55 | | |
| 56 | | |
| 57 | | |
| 58 | | |
| 59 | | |
| 60 | | |
| 61 | | |
| 62 | | |
| 63 | | |
| 64 | | |

| | എന്റെ പേര് | എനിക്ക് ഞാൻ നൽകിയ സ്കോർ | ടീച്ചർ നൽകിയ സ്കോർ |
|---|---|---|---|
| | | | |

ഈ യൂണിറ്റിൽ നിന്ന് ഞാൻ പഠിച്ചത് :..........................................................................................................................

..........................................................................................................................................................................

*ശ്രദ്ധിക്കുക - ടീച്ചറുടെ നിർദേശപ്രകാരം യൂണിറ്റിലെ മികച്ച ഒരു പ്രവർത്തനം വിലയിരുത്തണം.*

# നാടകം



paul gauguin - breton girls dancing - detail



യൂണിറ്റ് 1

# ഹ്രസ്വസിനിമ നിർമിക്കാം

**നാടകത്തെകുറിച്ച് നാം എന്തൊക്കെ മനസ്സിലാക്കിയിട്ടുണ്ട്**

**നാടകങ്ങളുടെ തുടർച്ചയെ കുറിച്ച് മനസ്സിലാക്കിയകാര്യങ്ങൾ ചുവടെ എഴുതാം.**


1. നാടകത്തിലെ കഥാപാത്രങ്ങൾ പ്രേക്ഷകരോട് നേരിട്ട് സംവദിക്കുന്നു.
2.
3.

എന്നാൽ സിനിമ വിവിധ ചെറിയ ദൃശ്യങ്ങളിലൂടെ (ഷോട്ട്സ്) സീനുകളായും വിവിധ സീനുകൾ കൂടിചേർന്ന് പൂർണ്ണമാവുകയും ചെയ്യുന്നു.

നടീനടന്മാരും ഛായാഗ്രാഹകനും കലാസംവിധായകനും മറ്റുസഹായികളും പ്രൊഡ്യൂസറും മാനേജർ മാരുമടക്കം ഒരു വലിയസംഘം പടം പിടിക്കാൻ പോകുന്ന കാഴ്ചയാണ് സിനിമാ ഷൂട്ടിംഗ് എന്ന് കേൾക്കുമ്പോൾ നമ്മുടെ മനസ്സിൽ ഉണ്ടാകുന്നത്.
തൽക്കാലം ആ കാഴ്ച ഒരോർമയായി അവിടെയിരിക്കട്ടെ.

സിനിമ കാണുമ്പോൾ നമ്മുടെ മനസ്സിൽ പതിയാറുള്ള ദൃശ്യങ്ങളെ (ഷോട്ട്സ്) നമുക്ക് പരിചയപ്പെടാം

ഇങ്ങനെ ഭാവനയ്ക്കനുസരിച്ച് പല ഷോട്ടുകളായി എടുക്കുവാനുള്ള സ്വാതന്ത്ര്യം സംവിധായകനുണ്ട്. ഏറ്റവും മനോഹരമായ ദൃശ്യങ്ങൾ പകർത്തുന്നിടത്താണ് ചായാഗ്രാഹകന്റെ മനോധർമ്മം.



Long Shot | Mid. Long Shot | Suggestion Shot | Close up Shot

നമുക്ക് 3 ഗ്രൂപ്പുകളായി തിരിഞ്ഞ് ഒരു ഹ്രസ്വ സിനിമ നിർമ്മിക്കുന്നതിനെക്കുറിച്ച് ആലോചിക്കാം.

ഇതിവൃത്തം എന്തായിരിക്കണമെന്ന് അതത് ഗ്രൂപ്പുകൾ തന്നെ നിശ്ചയിക്കുന്നതായിരിക്കും ഉചിതം.
ഏതായാലും അതിനു മുമ്പ് നമുക്ക് ഇറാനിയൻ സംവിധായകൻ മാജിദ് മജീദി സംവിധാനം ചെയ്ത children of heaven എന്ന സിനിമകാണാം.






നാം നിരീക്ഷണത്തിലും പരീക്ഷണത്തിലുമാണിപ്പോൾ. എന്തുതന്നെയായാലും നല്ലൊരു സിനിമ ഉണ്ടാക്കണം, പരിമിതികൾ ഏറെയുണ്ട്. അധ്യാപകരുടെയും രക്ഷിതാക്കളുടെയും സഹായത്തോടുകൂടി ആരംഭിക്കാം നല്ല ക്യാമറ സാധ്യമാണെങ്കിൽ നല്ലത്.ആരാണോ ഫോട്ടോഗ്രാഫിയിൽ ഏറ്റവും തല്പരൻ എന്ന് നമുക്ക് തന്നെ മനസ്സിലാക്കാനാവും.
ക്യാമറ ആ കൂട്ടുകാരൻ /കൂട്ടുകാരി കൈകാര്യം ചെയ്യട്ടെ.

നമുക്ക് എന്തൊക്കെ പരിമിതികളുണ്ട്?ഒരു കടലാസിൽ കുറിച്ചിടാം. പരിഹരിക്കാനുള്ള മാർഗങ്ങൾ ചർച്ച ചെയ്യാം. അറിവുള്ളവരുമായി, അധ്യാപകരുമായി ആശങ്കകൾ പങ്കു വയ്ക്കാം. സംവിധായകൻ ആരാകണമെന്ന് നമ്മുടെ ധാരണയിൽ നിന്ന് തന്നെ നമുക്ക് തീരുമാനിക്കാം.

നമുക്ക് ഹൈടെക് ക്ലാസ്റൂം സാധ്യമാകുന്നുണ്ടല്ലോ.. നാം എടുക്കുന്ന ദൃശ്യങ്ങൾ (ഷോട്ടുകൾ) എഡിറ്റ് ചെയ്യുവാൻ ഓപ്പൺഷോട്ട് വീഡിയോ എഡിറ്റർ ഉണ്ടല്ലോ... പറഞ്ഞുതരാൻ അധ്യാപകരും.

നമ്മുടെ ടീമിൽ മിടുക്കരായി ഇത് ഉപയോഗിക്കാനറിയാവുന്നതാരാണ്. ആ കൂട്ടുകാരനായിരിക്കണം എഡിറ്റർ.

സംവിധായകൻ എടുക്കുന്ന ഓരോ ഷോട്ടും വൈകാരികാനുഭവങ്ങളാകുവാൻ ശ്രദ്ധവേണം. സമയ ദൈർഘ്യ ത്തെക്കുറിച്ചും ധാരണവേണം. ക്യാമറാമാന്റെ ദൃശ്യഭാവനയും കൂടെയാകുമ്പോൾ സിനിമ ധന്യമാകും.

സംഗീതസംവിധായകൻ ഷൂട്ടിങ്ങിന് ഒപ്പംതന്നെ ഉണ്ടാകുന്നത് നല്ലതായിരിക്കും. സ്ക്രിപ്റ്റ് സ്വായത്തമായാൽ പശ്ചാത്തലസംഗീതത്തെക്കുറിച്ച് നല്ലൊരു ധാരണയുണ്ടാകും. പാട്ടുപാടാൻ അറിയുന്നതിൽ ഉപരി സംഗീതത്തെ കൂടുതൽ ഇഷ്ടപ്പെടുകയും സംഗീതത്തെ മനസ്സിൽ കൊണ്ട് നടക്കുകയും ചെയ്യുന്ന സുഹൃത്തുക്കൾ നമ്മുടെ കൂട്ടത്തിൽ ഉണ്ടാകും.



VIDEO: Transition as doctor enters consulting room.
VO: "Whatever is needed."

VIDEO: Doctor exits lift into walkway of housing acc.
VO: "Expertise is flexibility."

VIDEO: Walks towards a front door.
VO: Music overlay.

സ്റ്റോറിബോർഡ്



VIDEO: Doctor with patient inside.
VO: "Growing from each new experience."

VIDEO: Doctor goes to leave patients house.
VO: "Expertise is adapting and changing."

VIDEO:Door opens to doctor in academic setting.
VO: "Expertise is always learning."

ക്ലാപ്പ് ബോർഡ് പരിശീലിച്ചു നോക്കൂ




*ശബ്ദസംവിധാനത്തിന് വേണ്ട സഹായങ്ങൾ ഒഡാസിറ്റി വഴി കമ്പ്യൂട്ടറിലേക്ക് നമുക്ക് സാധ്യമാകുന്നതാണ്. വളരെ ശ്രദ്ധയോടുകൂടി അത് ആർക്ക് ചെയ്യാനാവും. അദ്ദേഹമാവട്ടെ ശബ്ദ ലേഖകൻ.*

നടീനടന്മാർ ഒഴികെ മറ്റുള്ളവർക്ക് നിങ്ങൾ തീരുമാനിക്കുന്ന ഉത്തരവാദിത്വം ഏൽപ്പിച്ച് കൊള്ളൂ.

ചമയം :
വസ്ത്രാലങ്കാരം :
ഡബ്ബിങ് :
ശബ്ദലേഖനം :
സഹസംവിധാനം :
കലാസംവിധാനം :
ചിത്രസംയോജനം(എഡിറ്റിംഗ്) :
നിർമാണ നിർവ്വഹണം :
ഛായാഗ്രഹണം :
സംവിധാനം :




Akira Kurosawa's Dreams .1990.

ഹൃദയസ്പർശിയായ ഒരു ലഘു സിനിമ ഉണ്ടാകട്ടെ.എല്ലാ ആസ്വാദകർക്കും അത് കാണുവാനുള്ള അവസരം ഉണ്ടാകട്ടെ.

**ഓരോ ഗ്രൂപ്പും സിനിമയെ വിലയിരുത്തുന്നു.**

മികച്ച സംവിധായകൻ ............
മികച്ച സിനിമ ........................
മികച്ച എഡിറ്റിംഗ് ..................
മികച്ച കലാസംവിധാനം ..........
മികച്ച ഛായാഗ്രഹണം ...........
മികച്ച ചമയം .........................
വസ്ത്രാലങ്കാരം......................


**ഓർത്തെടുക്കാം**

1. കേരളത്തിലെ ലോക പ്രശസ്തിയാർജ്ജിച്ച മൂന്ന് ചലച്ചിത്ര സംവിധായകർ
   1......
   2......
   3......
2. ദേശീയതലത്തിൽ പുരസ്കാരം നേടിയ മൂന്ന് ഛായാഗ്രാഹകർ
   1......
   2......
   3....
3. ദേശീയ അംഗീകാരം ലഭിച്ച മൂന്ന് നടൻമാർ
   1......
   2......
   3.....
4. ദേശീയ അംഗീകാരം ലഭിച്ച മൂന്ന് നടിമാർ
   1......
   2......
   3.....



1910 മാർച്ച് 23ന് ജപ്പാനിലെ ഷിനാഗാവ എന്ന സ്ഥലത്താണ് കുറസോവ ജനിച്ചത്. 1936 മുതൽ 1993 വരെ ലോക സിനിമാരംഗത്ത് സജീവമായിരുന്നു. ഒരു ചിത്രകാരനായി തുടങ്ങിയ അദ്ദേഹം തുടർന്ന് സിനിമയിൽ എത്തിച്ചേരുകയായിരുന്നു.
റാഷമോൺ, സെവൻ സാമുറായ്, ഇക്കിറു, ത്രോൺ ഓഫ് ബ്ലഡ്, യോജിംബോ, ദർസു ഉസാല, റാൻ, സ്ട്രേ ഡോഗ്, മദദായോ, ഡ്രീംസ് എന്നിവ പ്രധാന സിനിമകൾ.
അൻപതിലധികം സിനിമകൾ സംവിധാനം ചെയ്ത കുറസോവയ്ക്ക് തന്റെ 'റാഷമോൺ' എന്ന സൃഷ്ടിക്ക് സിനിമാരംഗത്തെ ഉന്നത ബഹുമതിയായ ഗോൾഡൻ ലയൺ പുരസ്കാരം ലഭിക്കുകയുണ്ടായി. .ഇത് അദ്ദേഹത്തിന്റെ എക്കാലത്തെയും മികച്ച സൃഷ്ടിയാണ്.
1998 സെപ്റ്റംബർ ആറിന് തന്റെ 88-ാമത്തെ വയസ്സിൽ മരണത്തിനു കീഴടങ്ങും വരെ അകിര കുറസോവ ലോകസിനിമാരംഗത്ത് സജീവമായിരുന്നു

അകിര കുറസോവ




ജപ്പാൻ

AKIRA KUROSAWA

1910 - 1998






## സത്യജിത്ത്റേ



SATYAJIT RAY

ബംഗാൾ


1921 - 1992



നീണ്ട 42 കൊല്ലം ഇന്ത്യൻ സിനിമയിലും ലോകസിനിമയിലും നിറഞ്ഞുനിന്ന മഹാപ്രതിഭയായിരുന്നു സത്യജിത്റേ.36 സിനിമകളും നിരവധി ഡോക്യുമെന്ററികളും ചെറുസിനിമകളും അദ്ദേഹത്തിന്റെതായിട്ടുണ്ട്. കൂടാതെ എഴുത്തുകാരൻ പുസ്തകപ്രസാധകൻ കഥാചിത്രകാരൻ സംഗീതജ്ഞൻ ഗ്രാഫിക് ഡിസൈനർ എന്നീ നിലകളിലും അദ്ദേഹം കഴിവ് തെളിയിച്ചിട്ടുണ്ട്.1985 ൽ സത്യജിത്റേ ചെയ്ത പഥേർപാഞ്ചാലി എന്നസിനിമ 11 അന്തർദേശീയ അവാർഡുകൾ നേടുകയുണ്ടായി.പഥേർപാഞ്ചാലി,അപരാജിത,അപുർ സൻസാർ എന്നീ മൂന്ന് സിനിമകൾ ചേർത്ത് അപുത്രയം എന്ന പേരിൽ അറിയപ്പെടുന്നു.32 ലധികം ദേശീയഅവാർഡുകൾ നേടിയ അദ്ദേഹം ഗോൾഡൻ ലയൺ അടക്കം നിരവധി അന്തർദേശീയ അവാർഡുകളാൽ ആദരിക്കപ്പെട്ടിട്ടുണ്ട് 1992 ൽ ഇന്ത്യ അദ്ദേഹത്തിന് ഉന്നത ബഹുമതിയായ ഭാരതരത്ന നൽകി ആദരിക്കുകയുണ്ടായി.ലോകസിനിമാരംഗത്തെ എക്കാലത്തെയും അത്ഭുതപ്രതിഭയായ സത്യജിത്റേ 1992 ഏപ്രിൽ 23ന് മരണമടഞ്ഞു.



ജി അരവിന്ദൻ




G.ARAVINDAN

കേരളം

1935 - 1991

സിനിമാ സംവിധായകൻ, തിരക്കഥാകൃത്ത്, സംഗീതസംവിധായകൻ, കാർട്ടൂണിസ്റ്റ്, ചിത്രകാരൻ എന്നീ നിലകളിൽ പ്രവർത്തിച്ച പ്രതിഭയായിരുന്നു ജി.അരവിന്ദൻ.1935 ജനവരി 25 ന് കോട്ടയത്ത് ജനിച്ചു.ചെറിയ മനുഷ്യരും വലിയ ലോകവും എന്ന കാർട്ടൂൺ പരമ്പര അദ്ദേഹത്തിൻറെ പ്രശസ്ത സൃഷ്ടിയാണ്. ഉത്തരായനം,കാഞ്ചനസീത, തമ്പ്,കുമ്മാട്ടി,എസ്തപ്പാൻ, പോക്കുവെയിൽ,ചിദംബരം,ഒരിടത്ത്,ഉണ്ണി, വാസ്തുഹാര എന്നിവ അരവിന്ദന്റെ സിനിമകളാണ്.കൂടാതെ ഡോക്യുമെൻററികൾ ചെറു സിനിമകൾ ടെലിവിഷൻ സിനിമകൾ തുടങ്ങിയവയും അദ്ദേഹത്തിന്റേതായുണ്ട്. കേന്ദ്ര സംസ്ഥാന അവാർഡുകൾ ജി അരവിന്ദന്റെ മിക്ക സിനിമകൾക്കും ലഭിച്ചിട്ടുണ്ട്.പത്മശ്രീ പുരസ്കാരത്തിനും അദ്ദേഹം അർഹനായി.ജി.അരവിന്ദൻ എന്ന മഹാപ്രതിഭ 1991 മാർച്ച് 15 ന് അന്തരിച്ചു.



# വിലയിരുത്തൽ പേജ്

| ക്രമ നമ്പർ | പേര് | സ്കോർ | ക്രമ നമ്പർ | പേര് | സ്കോർ |
|---|---|---|---|---|---|
| 1 | | | 33 | | |
| 2 | | | 34 | | |
| 3 | | | 35 | | |
| 4 | | | 36 | | |
| 5 | | | 37 | | |
| 6 | | | 38 | | |
| 7 | | | 39 | | |
| 8 | | | 40 | | |
| 9 | | | 41 | | |
| 10 | | | 42 | | |
| 11 | | | 43 | | |
| 12 | | | 44 | | |
| 13 | | | 45 | | |
| 14 | | | 46 | | |
| 15 | | | 47 | | |
| 16 | | | 48 | | |
| 17 | | | 49 | | |
| 18 | | | 50 | | |
| 19 | | | 51 | | |
| 20 | | | 52 | | |
| 21 | | | 53 | | |
| 22 | | | 54 | | |
| 23 | | | 55 | | |
| 24 | | | 56 | | |
| 25 | | | 57 | | |
| 26 | | | 58 | | |
| 27 | | | 59 | | |
| 28 | | | 60 | | |
| 29 | | | 61 | | |
| 30 | | | 62 | | |
| 31 | | | 63 | | |
| 32 | | | 64 | | |

| | എന്റെ പേര് | എനിക്ക് ഞാൻ നൽകിയ സ്കോർ | ടീച്ചർ നൽകിയ സ്കോർ |
|---|---|---|---|
| | | | |

ഈ യൂണിറ്റിൽ നിന്ന് ഞാൻ പഠിച്ചത് :..............................................................................................................................


..............................................................................................................................................................................

*ശ്രദ്ധിക്കുക - ടീച്ചറുടെ നിർദേശപ്രകാരം യൂണിറ്റിലെ മികച്ച ഒരു പ്രവർത്തനം വിലയിരുത്തണം.*





Reference :

1) **Education through Art** - Herbert Read
2) **Art the Basis of Education** - Deviprasad
3) **The Art of Teaching Art to Children** - Nancy beal
4) **Arts with Brain in Mind** - Eric Jenson
5) **Emphasis Art** - Frank Wachowaik & Rober D. Clements
6) **Art is Fundamental** - Eleen S. Prince
7) **Children and their Art** - Ai Hurwitz & Michael Day
8) **Approaches to Art in Education** - Laura H. Campman
9) **Art Education, Concepts Epistemacy and Role** - Janardan Prasad
10) **Pedagogical Sketchbook** - Paul Klee
11) **ചിത്രങ്ങളുടെ കഥ** - ഡോ.കെ.ടി.രാമവർമ്മ
12) **ചിത്രകല നൂറ്റാണ്ടുകളിലൂടെ** - ഡോ.കെ.ടി.രാമവർമ്മ
13) **ചിത്രകല പ്രസ്ഥാനങ്ങളിലൂടെ** - ഡോ.കെ.ടി.രാമവർമ്മ
14) **ഭാരതീയ കലാചരിത്രം** - വിജയകുമാർ മേനോൻ
15) **ചിത്ര ശില്പകല ആധുനികാന്തരം വരെ** - കാട്ടൂർ നാരായണ പിള്ള





STILL LIFE KCS PANIKER




State Council of Educational
Research and Training (SCERT)
Vidyabhavan Poojappura, Thiruvananthapuram
Kerala-695012.Website www.scert.kerala.gov.in
e-mail:scertkerala@gmail.com